# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പുറക്കാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.ALP.P-5/1062/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 03/10/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുറക്കാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പുറക്കാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുറക്കാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.ALP.P-5/1062/2023 തീയ്യതി: 03/10/2023

## ആലപ്പുഴ ജില്ലയിലെ പുറക്കാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ പുറക്കാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-08-2022 മുതൽ 15-06-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജീവ് ആർ | ഡെപ്യൂട്ടി ഡയറക്ടർ | 21-07-2023 | 31-07-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 21-07-2023 | 31-07-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.വിജയകുമാർ എൻ,, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി ബീന എ.ഡി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ജാക്വലിൻ പി.ഡബ്ല്യു., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി പ്രീത, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ.എ. എസ്. സുദർശൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി. അനീഷാബീഗം എ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ധനലക്ഷ്മി | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.അനീഷ് കെ ആർ | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി സന്ധ്യ പുത്തൻവെളി | ഐ.സി.ഡി.എസ് , സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ.പ്രീതി | മെഡിക്കൽ ഓഫീസർ , പി. എച്ച്. സി, പുറക്കാട് | 01-04-2022 | 31-03-2023 |
| ഡോ സജിത ആർ കുറുപ്പ് | മെഡിക്കൽ ഓഫീസർ , ആയുർവ്വേദം | 01-04-2022 | 28-05-2022 |
| ഡോ മഞ്ജു എസ് എച്ച് | മെഡിക്കൽ ഓഫീസർ , ആയുർവ്വേദം | 29-05-2022 | 16-06-2022 |
| ഡോ സജിത ആർ കുറുപ്പ് | മെഡിക്കൽ ഓഫീസർ , ആയുർവ്വേദം | 17-06-2022 | 27-06-2022 |
| ഡോ ജയലത പി ആർ | മെഡിക്കൽ ഓഫീസർ , ആയുർവ്വേദം | 28-06-2022 | 31-03-2023 |
| ഡോ വിനീത | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 08-05-2022 |
| ഡോ നിഷ ജെ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 09-05-2022 | 20-09-2022 |
| ഡോ വിനീത | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 21-09-2022 | 11-01-2023 |
| ഡോ നിഷ ജെ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 12-01-2023 | 17-02-2023 |
| ഡോ സ്നേഹ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 18-02-2023 | 06-03-2023 |
| ഡോ ശ്രീരാജ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 07-03-2023 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീ.റെജി അലക്സ് | സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2022 | 31-03-2023 |
| ശ്രീമതി.സിന്ധു എസ് | എച്ച്.എം.ഗവ.എൽ.പി.എസ് | 01-04-2022 | 31-03-2023 |
| ശ്രീമതി ആശാമോൾ | അസിസ്റ്റന്റ് എൻജിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ.രാജേഷ് എസ്.ജെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ((തോട്ടപ്പള്ളി)) | 01-04-2022 | 31-03-2023 |
| ശ്രീ.രാജേഷ് എസ്.ജെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ((പുറക്കാട് )) | 01-04-2022 | 02-08-2022 |
| ശ്രീമതി സ്മിത ഒ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ((പുറക്കാട് )) | 03-08-2022 | 31-03-2023 |
| ശ്രീ അബ്ദുൾ ലത്തീഫ് കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ പ്രീത എസ് | ഡെയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |

ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൌണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ഗ്രാന്റ് തുകകൾ - എസിആറും വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | ബാങ്ക് റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Directly Debited By Bank ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചില്ല | 1-1-3 |
| 5 | നൽകി മൂന്ന് മാസമായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല | 1-1-4 |
| 6 | ലോൺ തിരിച്ചടവ് തുക ബാലൻസ് ഷീറ്റിൽ പ്രതിഫലിക്കുന്നില്ല | 1-1-5 |
| 7 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-6 |
| 8 | വാർഷികകണക്കിലെ തുകകളെ സാധൂകരിക്കുന്ന ആവശ്യമായ രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-1-7 |
| 9 | തൊഴിലുറപ്പ് പദ്ധതി - വാർഷികകണക്കും EFMS സ്റ്റേറ്റ്മെന്റും പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-9 |
| 11 | സംയുക്ത പ്രോജക്ടുകൾക്കായുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതവും ജില്ലാപഞ്ചായത്ത് വിഹിതവും മുന്നിരിപ്പ് തുടർന്നുവരുന്നു | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 14 | ഫണ്ട് വിനിയോഗം(എ.സി.ആർ പ്രകാരം) | 1-4 |
| 15 | പദ്ധതി അവലോകനം | 1-5 |
| 16 | ക്ഷേമ പദ്ധതികൾ | 1-6 |
| 17 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 18 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 19 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 20 | ടാക്സ് ഓഡിറ്റ് - അവലോകനം | 1-10 |
| 21 | പഞ്ചായത്ത് കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് ഈടാക്കിയതിൽ 1,487/-രൂപയുടെ കുറവ് | 1-11 |
| 22 | തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കിയില്ല | 1-12 |
| 23 | ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-13 |
| 24 | മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയതിൽ കുറവ് | 1-14 |

| | | |
|---|---|---|
| 25 | ഇ-ടെണ്ടർ ഫീസ് - തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്തിട്ടില്ല | 1-15 |
| 26 | ദുരിതാശ്വാസ നിധി - പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല | 1-16 |
| 27 | സാമൂഹ്യ ക്ഷേമ പെൻഷൻ - യഥാസമയം സസ്പെന്റ് ചെയ്യുന്നതിൽ വീഴ്ച - മരണശേഷവും വിതരണം നടത്തി- | 1-17 |
| 28 | മരാമത്ത് പ്രവൃത്തികൾ - കരാർ കാലാവധിയിൽ പൂർത്തീകരിക്കാത്ത പ്രവൃത്തികളിൽ നിയമാനുസൃത പിഴ ഈടാക്കാതെ കരാറുകാർക്ക് തുക അനുവദിച്ചു | 1-18 |
| 29 | ഗുണഭോക്തൃവിഹിതം അധികം ഈടാക്കി | 1-19 |
| 30 | അപേക്ഷകരുടെ എണ്ണത്തേക്കാൾ അധികം ഫർണിച്ചർ വാങ്ങി | 1-20 |
| 31 | രജിസ്റ്റേർഡ് യുവജന ക്ലബുകൾക്ക് സ്പോർട്ട്സ് കിറ്റ് - പദ്ധതി നിർവ്വഹണത്തിൽ ക്രമാതീതമായ കാലതാമസ്സം- പൂർണ്ണമായ വിതരണ വിവരമില്ല | 1-21 |
| 32 | തൊഴിലുറപ്പ് പദ്ധതി. നിയമാനുസൃത നികുതി ഈടാക്കിയില്ല | 1-22 |
| 33 | ആറുപറ മുപ്പത്തിയാറിൽ ചിറ റോഡ് ഡ്രെയിൻ നിർമ്മാണം - ഫൈൻ ഈടാക്കിയതിൽ കുറവ് | 1-23 |
| 34 | എസ്.സി. കുട്ടികൾക്ക് പഠനമുറി നിർമ്മാണം - പ്രവൃത്തി പൂർത്തീകരിച്ചില്ല | 1-24 |
| 35 | കടലോര മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ് -അപേക്ഷകരേക്കാൾ അധികം ലാപ്ടോപ്പ് വാങ്ങി | 1-25 |
| 36 | വാർഡ് ഹെൽത്ത് സാനിറ്റേഷൻ കമ്മിറ്റികളുടെ അക്കൗണ്ടുകൾ കറന്റ് അക്കൗണ്ടുകളായി നിലനിൽക്കുന്നു | 1-26 |
| 37 | ലൈഫ് മിഷൻ ഭവന നിർമ്മാണം (എസ്.സി.) അഡ്വാൻസ് തുക കൈപ്പറ്റിയിട്ടും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല | 1-27 |
| 38 | മൽസ്യതൊഴിലാളി ലൈഫ് പദ്ധതി - ഭവനനിർമ്മാണം പൂർത്തികരിച്ചില്ല | 1-28 |
| 39 | ഇലക്ട്രിക് പോസ്റ്റ് മാറ്റി വെയ്ക്കൽ - പ്രവൃത്തി പൂർത്തീകരിച്ചില്ല | 1-29 |
| 40 | ഫലവൃക്ഷതൈവിതരണം പദ്ധതി - ഗുണഭോക്തൃവിഹിതം ചെലവഴിച്ചതിന്റെ രേഖകൾ ലഭ്യമല്ല | 1-30 |
| 41 | ഐ.കെ.എം. വിഹിതം -വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-31 |
| 42 | കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയില്ല | 1-32 |
| 43 | റോഡ് കണക്ടിവിറ്റി മാപ്പിംഗ് - പൂർത്തീകരണ വിവരമില്ല | 1-33 |
| 44 | എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് -വിതരണം ചെയ്തിട്ടില്ല | 1-34 |
| 45 | പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ - ലാപ്ടോപ്പുകൾ ലഭ്യമായില്ല | 1-35 |
| 46 | സി.ഡി.എസിന്റെ അക്കൗണ്ടിലേക്ക് നൽകുന്ന തുക ചെലവഴിക്കപ്പെടുന്നില്ല | 1-36 |
| | ഭാഗം **2** | |
| | --- No Records Found --- | |

## ഭാഗം 3

--- No Records Found ---

## ഭാഗം 4


| | | |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് പ്രവർത്തികൾക്കായി നിക്ഷേപിച്ച തുകകളുടെ വിശദാംശം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |


## അനുബന്ധം


| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

കേരള പഞ്ചായത്ത് രാജ് ആക്ട് 1994-ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 30.06.2023 ലെ 1(1) കമ്മറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 01.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പുറക്കാട് ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു .

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പുറക്കാട് ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

സ്ഥലം :

തീയതി :

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല

അക്കൌണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല. ഉദാ.റേഷ്യോസ്, സെക്രട്ടറിയുടെ കുറിപ്പുകൾ

1-1-2 ഗ്രാന്റ് തുകകൾ - എസിആറും വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല

1. വികസനഫണ്ട് ജനറൽ ആകെ ചെലവ് 36268000 (ജി.ഒ. പ്രോജക്ട് 6488917 + അലോട്ട്മെന്റ് വരവ് 29779083) വാർഷികകണക്കിലെ I-6 ഷെഡ്യൂളിലെ ചെലവുമായി പൊരുത്തപ്പെടുന്നില്ല ( 33208353 + 2338155 C.c) 7,21,492 രൂപയുടെ വ്യത്യാസം കാണിക്കുന്നു

2. വികസനഫണ്ട് എസ് സി പി ഫണ്ട് ആകെ ചെലവ് 3518043 /- (ജി.ഒ. പ്രൊജക്ട് 199956+ 3318087 അലോട്ട്മെന്റ് വരവ് ) വാർഷികകണക്കിലെ I-6 ഷെഡ്യൂളിലെ ചെലവുമായി പൊരുത്തപ്പെടുന്നില്ല 3242865 ( 3110534 + 132331 C.c)

3. മെയിന്റനൻസ് ഫണ്ട് നോൺ റോഡ് ആകെ വരവ് 78,52,000/- രൂപയാണ്. എസി ആർ പ്രകാരം ആകെ ചെലവ് 78,27,431/- രൂപയാണ്. വാർഷികകണക്കിലെ I-6 ഷെഡ്യൂളിലെ ചെലവുമായി 7824929 (5707976 + 2116953 സി സി) പൊരുത്തപ്പെടുന്നില്ല.

1-1-3 ബാങ്ക് റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Directly Debited By Bank ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചില്ല

1) എസ്.ബി.ഐ. (ഇ-പേമെന്റ്) എ എഫ് എസ് പ്രകാരം നീക്കിയിരുപ്പ് 10,11,954 /- ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 10,10,990 /- രൂപയാണ്. റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ചുവടെ ചേർക്കും പ്രകാരം ചേർത്തിരിക്കുന്നു.

Directly Deboted By Bank – 19,659 /-
ബാങ്ക് റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Directly Debited By Bank ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചില്ല.

1-1-4 നൽകി മൂന്ന് മാസമായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല

1) ഫെഡറൽ ബാങ്ക് സി എഫ് സി ഗ്രാന്റ് എ എഫ് എസ് പ്രകാരം നീക്കിയിരുപ്പ് 89,39,463 /- ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 91,10,265.71 /- രൂപയാണ്. റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ഇപ്രകാരം കൊടുത്തിരിക്കുന്നു.

Cheque Issued But Not Presented 26,437 /-

2) കാനറാ ബാങ്ക് (അക്കൌണ്ട് നം. 110046474643) വാർഷികകണക്ക് പ്രകാരം നീക്കിയിരുപ്പ് 9360 /-

Cheque Issued But Not Presented 55,874 /-

Cheque Issued But Not Presented ആയി രേഖപ്പെടുത്തിയ ചെക്കുകൾ Stale Cheque ശീർഷകത്തിലേക്ക് മാറ്റിയിട്ടുണ്ടെങ്കിൽ വിശദാംശം നൽകേണ്ടതാണ്.

1-1-5 ലോൺ തിരിച്ചടവ് തുക ബാലൻസ് ഷീറ്റിൽ പ്രതിഫലിക്കുന്നില്ല

ലോൺ തിരിച്ചടവ് തുക ബാലൻസ് ഷീറ്റിൽ പ്രതിഫലിക്കുന്നില്ല. ബാലൻസ് ഷീറ്റ് പ്രകാരം 4,59,20,326 /- രൂപയാണ് തിരിച്ചടവ്. എന്നാൽ യഥാർദ്ധത്തിൽ 4,24,00,325 /- രൂപയാണ് രേഖപ്പെടുത്തേണ്ടത്. തൻവർഷം തിരിച്ചടച്ച തുക 35,20,000 /- രൂപ തിരിച്ചടവ് തുകയിൽ ഉൾപ്പെടുത്താതെയാണ് ബാലൻസ് തയ്യാറാക്കിയത്.

1-1-6 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല, വസ്തുനികുതി, തൊഴിൽനികുതി,

ലൈസൻസ് തുടങ്ങിയവയുടെ ലെഡ്ജറിൽ വർഷാവസാനം ആണ് ഡിമാന്റ് എൻട്രി വരുത്തുന്നത്.

1-1-7 വാർഷികകണക്കിലെ തുകകളെ സാധൂകരിക്കുന്ന ആവശ്യമായ രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുന്നതായി രേഖയില്ല.
വസ്തുനികുതി സഞ്ചയയിൽനിന്നുള്ള സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.
വാർഷികകണക്കിലെ തുകകളെ സാധൂകരിക്കുന്ന ആവശ്യമായ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഉദാ :- ലോൺ രജിസ്റ്റർ

1-1-8 തൊഴിലുറപ്പ് പദ്ധതി - വാർഷികകണക്കും EFMS സ്റ്റേറ്റ്മെന്റും പൊരുത്തപ്പെടുന്നില്ല

എം.എൻ.ആർ.ഇ.ജി.എസ്. ബാലൻസ് തുക ബി4-ലും ആർ.പി.40(ബി)ഷെഡ്യൂളുകളിലും വ്യത്യാസം നിലനിൽക്കുന്നു. ബി4 ഷെഡ്യൂളിൽ 7,84,372 /- രൂപയും ആർ.പി.40(ബി)പ്രകാരം 7,90,372 /- രൂപയുമാണ്.

1-1-9 കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ ജേണൽ വൌച്ചർ എന്നിവ പരിശോധിച്ചതിൽ കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

1-1-10 സംയുക്ത പ്രോജക്ടുകൾക്കായുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതവും ജില്ലാപഞ്ചായത്ത് വിഹിതവും മുന്നിരിപ്പ് തുടർന്നുവരുന്നു

സംയുക്ത പ്രോജക്ടുകൾക്കായുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിലും (6,91,429/-) ജില്ലാപഞ്ചായത്ത് വിഹിതത്തിലും (326941) മുന്നിരിപ്പ് തന്നെയാണ് നീക്കിയിരിപ്പ്. നീക്കിയിരുപ്പ് തുക മുൻ വർഷങ്ങളിലുൾപ്പെടെ തുടർന്ന് വരുന്നു.

1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 2.03.2022 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 35,83,98,037 | 35,50,18,500 |
| വാർഷിക കണക്ക് പ്രകാരം<br>(ഇൻകം&എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം) | 22,78,01,358 | 24,92,80,566 |

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,74,33,360 |
| വരവ് | 6,42,37,775 |
| ആകെ | 9,16,71,135 |
| ചെലവ് | 6,55,17,407 |

| | |
|---|---|
| നീക്കിയിരിപ്പ് | 2,61,53,728 |

1-4 ഫണ്ട് വിനിയോഗം(എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | സോഴ്സ് ഡിഡക്ഷൻ | അലോട്ട്മെന്റ് വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | | 64,88,917 | 2,97,79,083 | 3,62,68,000 | 35546508 | 721492 |
| വികസനഫണ്ട് (എസ്.സി.പി) | | 1,99,956 | 33,18,087 | 35,18,043 | 32,42,865 | 2,75,178 |
| മെയിന്റനൻസ് ഫണ്ട് -റോഡ് | | | 40,41,000 | 40,41,000 | 39,41,091 | 99,909 |
| മെയിന്റനൻസ് ഫണ്ട് -നോൺ റോഡ് | | | 78,52,000 | 78,52,000 | 78,24,929 | 27,071 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് Untied ട്രഷറി | | | 10,02,443 | 10,02,443 | 9,98,016 | 4,427(ലാപ്സ്) |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് Untied Bank | 2848233 | | 64,13,000 | 92,61,233 | 7211345 | 204988 472362 (പലിശ) |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് Tied | 0 | | 18,01,847 | 18,01,847 | 6,40,384 | 11,61,463 (ലാപ്സ്) |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് Tied Bank | 60,91,230 | | 96,19,000 | 1,57,10,230 | 1,05,13,235 | 51,96,995 |

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | പൂർത്തീകരിച്ചത് എണ്ണം | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്- ശതമാനം |
|---|---|---|---|---|---|---|---|
| 223 | 20,91,23,093 | 210 | 9,23,79,634 | 150 | 60 | 13 | 67.21 |

## 1-6 ക്ഷേമ പദ്ധതികൾ

സംസ്ഥാന സർക്കാരിന്റെ ക്ഷേമപദ്ധതികളുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 50,160 | 70 |
| കർഷകതൊഴിലാളി പെൻഷൻ | 98,40,300 | 902 |
| വിധവാ പെൻഷൻ | 1,01,92,400 | 974 |
| വാർദ്ധക്യകാല പെൻഷൻ | 2,19,04,100 | 2404 |
| വികലാംഗ പെൻഷൻ | 45,30,400 | 414 |
| അവിവാഹിത പെൻഷൻ | 30,000 | 1 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 12,184 | 16,57,748 | 16,69,932 | 8,79,560 | 7,90,372 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 9,67,64,984 | 9,67,64,984 | 9,67,64,984 | 0 |
| | 12,184 | 9,84,22,732 | 9,84,34,916 | 9,76,44,544 | 7,90,372 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.7.2023 തീയതിയിൽ 3.15 P.M സമയത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4,083/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1) സാമൂഹ്യക്ഷേമ പെൻഷൻ വിതരണം - മരണപ്പെട്ടവരുടെ പേര് യഥാസമയം ഡേറ്റാ ബേസിൽ നിന്നും സസ്പെന്റ് ചെയ്യാത്തത് മൂലം അനർഹമായ കാലയളവിലേയ്ക്കും പെൻഷൻ അനുവദിക്കപ്പെടുന്നു.

2) ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3) കാലഹരണപ്പെട്ട നിക്ഷേപങ്ങൾ യഥാസമയം തനത് ഫണ്ടിലേയ്ക്ക് റീക്ലപ്പ് ചെയ്യപ്പെടുന്നില്ല.

4) പഞ്ചായത്തിലെ ഇലക്ട്രോണിക് ഉപകരണങ്ങളുടേയും, മറ്റ് സാമഗ്രികളുടേയും സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി വാർഷിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

5) ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വർഷംതോറും ഭീമമായ തുകകൾ വിവിധ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്യുന്നുണ്ടെങ്കിലും പദ്ധതികളുടെ യഥാസമയത്തുള്ള പൂർത്തീകരണം ഉറപ്പാക്കപ്പെടുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 ടാക്സ് ഓഡിറ്റ് - അവലോകനം

സർക്കാർ ഗ്രാന്റിനു പുറമെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി ഗ്രാമപഞ്ചായത്തുകൾ പുതിയ തനതുവരുമാന മേഖലകൾ കണ്ടെത്തേണ്ടതുണ്ട്. തനതു വരുമാനമേഖലകൾ കണ്ടെത്തുന്നതിനായി നിർദ്ദേശങ്ങളൊന്നുമില്ല എന്നാൽ പഞ്ചായത്തിന് ലഭിക്കേണ്ട വരുമാനം നഷ്ടപ്പെടാതിരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1) 22.03.2023-ലെ ജി.ഒ.(എം.എസ്.)നം.77/2023-ൽ എൽഎസ്.ജി.ഡി ഉത്തരവിലെ നിർദ്ദേശ പ്രകാരം 01.04.2023 പ്രാബല്യത്തിൽ പരിഷ്ക്കരിച്ച വസ്തു നികുതി നിരക്കുകൾ ഗ്രാമപഞ്ചായത്തിൽ ഭരണസമിതിയുടെ 29.07.2023-ലെ 4(1) തീരുമാനപ്രകാരം അന്തിമ വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിലും സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടത്താത്തതിനാൽ നികുതി ഈടാക്കി തുടങ്ങിയിട്ടില്ല.

സർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നുകൊണ്ട് ഓരോ സ്ഥാപനത്തിന്റെയും അടിസ്ഥാന നിരക്ക് വിജ്ഞാപനം ചെയ്തിട്ടുണ്ട്. സോഫ്റ്റ്‌വെയറിൽ നിരക്ക് അപ്ഡേഷൻ നടത്തിയിട്ടില്ലാത്തതിനാൽ പുതുക്കിയ നിരക്കിൽ നികുതി ഈടാക്കി തുടങ്ങിയിട്ടില്ല.

2) വസ്തു നികുതി പിരിക്കുന്നതിനായി കുടുംബശ്രീ മുഖേന ഡിമാന്റ് നോട്ടീസ് വിതരണം നടത്തിയിട്ടുണ്ട്. മാർച്ചിൽ ജീവനക്കാർ നേരിട്ട് ഡിമാന്റ് നോട്ടീസ് നല്കിയതായും പറയുന്നു. സെപ്റ്റംബറിൽ ഗ്രാമസഭയുടെ കൂടെയും ജനുവരിയിൽ എല്ലാ വാർഡുകളിലും നികുതിപിരിവിനായി ക്യാമ്പുകൾ സംഘടിപ്പിച്ചും വസ്തുനികുതി പിരിവ് 100% നേടിയിട്ടുണ്ട്.
ബജറ്റിൽ നിർദ്ദേശിച്ചിട്ടുള്ള തനതുവരുമാനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ പിരിച്ചെടുക്കുന്നത് സംബന്ധിച്ച് യോഗങ്ങളിൽ ചർച്ചചെയ്യുന്നുണ്ട്. മറ്റ് വരവിനങ്ങൾക്ക് കുടിശ്ശിക ഇല്ല.

3) ബജറ്റിലെ വരവുകളുമായി അന്തരമുണ്ടെങ്കിലും ഡിമാന്റ് പ്രകാരമുള്ള വരവുകൾഎല്ലാം തന്നെ പഞ്ചായത്ത് പിരിച്ചെടുത്തിട്ടുണ്ട്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ എല്ലാ യോഗങ്ങളിലും നികുതി വർദ്ധനവ്/പിരിവ് എന്നിവയെക്കുറിച്ചുള്ള ചർച്ചകളും അവലോകനങ്ങളും നടത്തിയതിന്റെയും നികുതി പിരിവിനായി ക്യാമ്പ്കളക്ഷൻ നടത്തിയതിന്റെയും ഫലമായി 100% നികുതിയും ലഭിച്ചിട്ടുണ്ട്.
സ.ഉ.(കൈ)നം.117/2022LSGD/01.06.2022 നമ്പർ ഉത്തരവ് പ്രകാരം വസ്തുനികുതി കുടിശ്ശിക രജിസ്റ്റർ സൂക്ഷിക്കേണ്ടതാണെങ്കിലും ആയത് എഴുതി സൂക്ഷിക്കുന്നില്ല.

4) സ.ഉ.(കൈ) നം.77/2023/LSGD തീയതി 22.03.2023 പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ 01.04.2023

പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളിൽ (ക്രമ നം.10) കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ് വെയറിൽ ചേർക്കേണ്ടതാണെന്നും ഇതിനാവശ്യമായ പരിശോധനകൾ 30.06.2023ന് മുൻപായി പൂർത്തിയാക്കേണ്ടതാണെന്നും പറയുന്നു. ആയതിന്റെ വിവരശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഉദ്യോഗാർത്ഥികളെ നിയമിച്ച് ഫീൽഡ് പരിശോധന പൂർത്തിയാക്കണമെന്ന് പറയുന്നുവെങ്കിലും ഫീൽഡ് പരിശോധന തുടങ്ങിയിട്ടില്ല. 01.04.2023 മുതൽ വസ്തുനികുതിയിൽ 5% വർദ്ധനവ് നിലവിലിൽ വന്നിട്ടുണ്ട്.

5) പഞ്ചായത്തിലെ സഞ്ചയ ഡാറ്റാബെയ്സ് പ്രകാരമുള്ള 8 മൊബൈൽ ടവറുകളുടെയും വസ്തുനികുതി ഈടാക്കിയിട്ടുണ്ട്. ILGMS-ൽ ക്യാൻസൽ ചെയ്ത രസീതുകൾ സഞ്ചയയിൽ ക്യാൻസൽ ചെയ്യപ്പെടാതിരിക്കുന്നതുമൂലം വരുമാനനഷ്ടം ഉണ്ടായിട്ടില്ല.

തൊഴിൽ നികുതി

സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാധ്യസ്ഥരായവർ (സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രോഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തുന്ന കറാറുകാർ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ വാഹന ഉടമകൾ, തുടങ്ങിയവരുടെ സമ്പൂർണ്ണ ഡാറ്റാബെയ്സ് പഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ഗ്രാമപഞ്ചായത്തിലെ റേഷൻകടകൾ, കള്ള് ഷാപ്പുകൾ എന്നിവരിൽ നിന്നും നികുതി ഈടാക്കുന്നില്ല. ഈ വിഭാഗത്തിലുള്ളവരുടെ കൂടി സമ്പൂർണ്ണ ഡാറ്റാബെയ്സ് തയ്യാറാക്കി നികുതി ഈടാക്കേണ്ടതാണ്.

വിനോദ നികുതി

കേബിൾ ടി.വി. നെറ്റ് വർക്ക് ദാതാക്കളിൽ നിന്നും വിനോദ നികുതി ഈടാക്കുന്നതിന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താവുന്നതാണ്.

ആസ്തികളിൽ നിന്നുള്ള ആദായം

പഞ്ചായത്തിന്റെ ആസ്തിയിൽപ്പെട്ട ഫലവൃക്ഷങ്ങളിൽ നിന്നുള്ള മേലാദായവും കാലഹരണപ്പെട്ട ആസ്തികളും യഥാസമയം ലേലംചെയ്യുന്നതിലൂടെ വരുമാന വർദ്ധനവ് നേടാവുന്നതാണ്.

1-11 പഞ്ചായത്ത് കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് ഈടാക്കിയതിൽ 1,487/-രൂപയുടെ കുറവ്

സർക്കാർ ഉത്തരവ് (കൈ) നം.85/2023/lsgd/31.3.23 പ്രകാരം 10.04.2023 മുതൽ വർദ്ധിപ്പിച്ച നിരക്കിൽ പെർമിറ്റ് ഫീ ഈടാക്കേണ്ടതാണ്. എന്നാൽ പുറക്കാട് ഗ്രാമപഞ്ചായത്തിൽ താഴെ പറയുന്ന അപേക്ഷനിൽ നിന്ന് പെർമിറ്റ് ഫീ ഈടാക്കിയതിൽ കുറവ് വന്നിട്ടുള്ളതായി കാണുന്നു.

| പെർമിറ്റ് രജിസ്റ്റർ ക്രമ നം. | അപേക്ഷ നം. | പേര് | വിസ്തൃതി (M2) | ഈടാക്കേണ്ട പെർമിറ്റ് ഫീ | ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|---|
| 51 | 3499/3.05.2023 | വർഗ്ഗീസ് ആന്റണി | 97.25 (പാർപ്പിടാവശ്യം) | 4863 | 3375 | 1487 |

വിശദീകരണം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നം-29 തീയതി 31.07.2023 നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. ടിയാനിൽ നിന്നും നിയമാനുസൃത നിരക്ക് ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-12 തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കിയില്ല

1994-ലെ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 205, 1996-ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ

നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും, പൊതുവോ, സ്വകാര്യമായതോ ആയ ഏതെങ്കിലും തൊഴിലിൽ ഏർപ്പെടുന്ന ഏതൊരു സ്ഥാപനം/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ 2022-23 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററുകളും റിട്ടേണുകളും പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി ഒടുക്കിയില്ല

| സ്ഥാപനം | അർദ്ധവർഷം |
|---|---|
| പോസ്റ്റ് ഓഫീസ്, പുറക്കാട് | 2 |
| പോസ്റ്റ് ഓഫീസ്, ഇല്ലിച്ചിറ | 2 |
| പോസ്റ്റ് ഓഫീസ്, തോട്ടപ്പള്ളി | 2 |
| ഇല്ലിച്ചിറ ക്ഷീരോൽപാദക സഹകരണ സംഘം | 1 &2 |
| ബി.എസ്.എൻ.എൽ. | 2 |
| ഇറിഗേഷൻ സെക്ഷൻ, തോട്ടപ്പള്ളി | 2 |
| ചിപ്പി ഫിനാൻസ്, പുറക്കാട് | 1 &2 |
| ആശിർവാദ് മൈക്രോഫിനാൻസ്, പുറക്കാട് | 2 |
| വൈശാഖം ഫിനാൻസ് | 1 &2 |
| സമസ്ത ഫിനാൻസ് | 2 |
| കണ്ണാട്ട് നിധി ലിമിറ്റഡ് | 1 |
| ഡൻറ്റൽ വേൾഡ് | 1 &2 |
| കെ.പി ഐസ് പ്ലാന്റ്, പഴയങ്ങാടി | 1 &2 |
| പ്രവാസി ക്ഷേമ വികസന സഹകരണ സംഘം | 1 &2 |
| റേഷൻ കടകൾ | |
| കരാറുകാർ | |

സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടില്ലാത്ത സ്ഥാപനങ്ങൾ

| സ്ഥാപനം | അർദ്ധവർഷം |
|---|---|
| മുളമൂട്ടിൽ ഫിനാൻസ്, തോട്ടപ്പള്ളി | I &2 |
| മുളമൂട്ടിൽ ഫിനാൻസ്, പുറക്കാട്-1 | I &2 |
| മുളമൂട്ടിൽ ഫിനാൻസ്, പുറക്കാട്-2 | I &2 |
| മുളമൂട്ടിൽ ഫിനാൻസ്, ഒറ്റപ്പുന്ന | I &2 |
| മുളമൂട്ടിൽ ഫിനാൻസ്, കരൂർ-1 | I &2 |
| സമസ്ത ഫിനാൻസ് | 2 |
| കണ്ണാട്ട് നിധി ലിമിറ്റഡ് | I &2 |
| വൈശാഖം ഫിനാൻസ്, പുന്തല | I &2 |

തൊഴിൽ നികുതി ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി(15/28.7.2023)ക്ക് മറുപടി ലഭ്യമാക്കിയില്ല. മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

1-13 ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1994-ലെ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) നിയമം വകുപ്പ് 232, 232(1) എന്നിവ പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും ലൈസൻസിലെ നിബന്ധനകൾക്ക് അനുസൃതമല്ലാതെയും പഞ്ചായത്ത് പരിധിയിൽ ഈയിനത്തിലെ ചട്ടം 3 പട്ടിക 1 പ്രകാരമുള്ള ആവശ്യങ്ങൾക്ക് യാതൊരുസ്ഥലവും ഉപയോഗിക്കാൻ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ലൈസൻസ് രജിസ്റ്റർ, അപേക്ഷ എന്നിവ പരിശോധിച്ചതിൽ 2022-23 വർഷം ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ പഞ്ചായത്തിൽ ലൈസൻസ് എടുത്തതായി കാണുന്നില്ല

1) റേഷൻകടകൾ

2) അക്ഷയകേന്ദ്രങ്ങൾ

3) ക്ഷീരസംഘങ്ങൾ(ഒരെണ്ണം എടുത്തിട്ടുണ്ട്)

4) കള്ളുഷാപ്പുകൾ

തുക അടച്ചിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.17/28.07.23) മറുപടി ലഭ്യമാക്കിയില്ല. ലൈസൻസ് ഇല്ലാതെ പഞ്ചായത്ത് പരിധിയിൽ ഒരു സ്ഥാപനം പോലും പ്രവർത്തിക്കുന്നില്ലായെന്നത് ഉറപ്പ് വരുത്തേണ്ടതാണ്.

1-14 മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയതിൽ കുറവ്

ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കുന്നത് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ, ടി സ്ഥാപനങ്ങൾ നൽകിയിരിക്കുന്ന അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള യന്ത്രത്തിന്റെ കുതിരശക്തിക്ക് ആനുപാതികമായി ചട്ടം അനുശാസിക്കും പ്രകാരം ഈടാക്കാവുന്ന മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയിട്ടില്ല.

| ക്രമ നം. | ലൈസൻസി/ സ്ഥാപനം | വാർഡ്/കെട്ടിട നം. | ഈടാക്കിയ മോട്ടോർ ഫീസ് | ഈടാക്കേണ്ട മോട്ടോർ ഫീസ് | കുറവ് |
|---|---|---|---|---|---|
| 1 | അമ്പിളി സുദർശനൻ പൊടിമിൽ | VII/80B | 100 | 20 HP (അപേക്ഷ പ്രകാരം) 200 | 100 |
| 2 | പ്രിംസ് സുധാകരൻ കോസി നേച്ചർ പ്രൈ.ലിമിറ്റഡ് | VII/9B | 500 | 96 HP (അപേക്ഷ പ്രകാരം) 1000 | 500 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.17/28.07.23) മറുപടി ലഭ്യമാക്കിയില്ല. കുറവ് വന്ന മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-15 ഇ-ടെണ്ടർ ഫീസ് - തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്തിട്ടില്ല

ഇ ടെണ്ടർ മുഖേനയുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീസ് തുക ക്രെഡിറ്റ് ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ എസ്.ബി.ഐ പുറക്കാട് ശാഖയിൽ 2.2.019 മുതൽ കറന്റ് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട് (നം. 38231519793). പ്രസ്തുത അക്കൗണ്ടിൽ 23.9.2019 മുതലാണ് ഇ

ടെണ്ടർ ഫീസ് ക്രെഡിറ്റ് ആയിട്ടുള്ളത്. 31.3.23-ൽ പ്രസ്തുത അക്കൗണ്ടിൽ 1,72,570/-രൂപ നീക്കിയിരുപ്പുണ്ട്. എന്നാൽ തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മാറ്റിയിട്ടില്ല. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി അക്കൗണ്ടിൽ മറ്റ് ഇടപാടുകളും നടത്തിയിട്ടുള്ളതായി കാണുന്നു. ആയത് ഒഴിവാക്കി പ്രസ്തുത അക്കൗണ്ടിലൂടെ ഇ ടെണ്ടർ ഇടപാടുകൾ മാത്രം നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. അക്കൗണ്ടിൽ വരവുള്ള തുകകളുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ നീക്കിയിരുപ്പ് തുകയുടെ കൃത്യത വ്യക്തമല്ല. അസി. എഞ്ചിനിയറുടെ അക്കൗണ്ടിൽ വരവ് വന്നിട്ടുള്ള ടെണ്ടർ ഫീസ് തുകയുടെ കൃത്യത പ്രതിമാസ/പ്രതിവർഷ കളക്ഷൻ റിപ്പോർട്ടുമായി പരിശോധിച്ച് ഉറപ്പാക്കേണ്ടതണ്.

ബാങ്ക് ചാർജ്ജസ് എന്ന് രേഖപ്പെടുത്തി അക്കൗണ്ടിൽ നിന്നും നാളിതുവരെ 5,636/- രൂപ ബാങ്ക് ഈടാക്കിയിട്ടുണ്ട്. എന്നാൽ സർക്കാർ നിർദ്ദേശ പ്രകാരം ആരംഭിച്ചിട്ടുള്ള അക്കൗണ്ടുകളിൽ നിന്നും ഇത്തരത്തിലുള്ള തുകകൾ ഈടാക്കാവുന്നതല്ല. തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, ടി തുക ഉൾപ്പെടെയുള്ള നീക്കിയിരുപ്പ് തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ഒടുക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതുമാണ്.

23.9.2019 വരെയുള്ള കാലയളവിലെ ഈ ടെണ്ടർ ഫീ ഇനത്തിലുള്ള തുക എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പേരിലുള്ള അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. തുക തിരികെ ലഭ്യമാക്കിയിട്ടുള്ളതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.7/25.07.23) നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിൽ സത്വര നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-16 ദുരിതാശ്വാസ നിധി - പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം പ്രകൃതി ദുരന്തം, രോഗാദി ദുരിതങ്ങൾ എന്നിവ മൂലം പ്രയാസമനുഭവിക്കുന്നവർക്ക് ആവശ്യഘട്ടങ്ങളിൽ കൈത്താങ്ങാകുവാൻ പഞ്ചായത്ത് ദുരിതാശ്വാസനിധി രൂപീകരിക്കേണ്ടതാണ്. പുറക്കാട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ എസ്.ബി.ഐ, പുറക്കാട് ശാഖയിൽ ദുരിതാശ്വാസ നിധിയ്ക്കായി അക്കൗണ്ട് തുടങ്ങിയിട്ടുണ്ടെങ്കിലും (അക്കൗണ്ട് നം. 67005740307) വർഷങ്ങളായി ആർക്കും തന്നെ ഇതിൽനിന്നും തുക അനുവദിച്ചിട്ടില്ല. വർഷാന്ത്യ (31.3.2023)നീക്കിയിരിപ്പായി ഈ അക്കൗണ്ടിൽ 71,834/- രൂപ ബാക്കിയുണ്ട്. നിലവിൽ പലിശ ഇനത്തിലുള്ള വരവല്ലാതെ മറ്റ് വരവുകൾ വന്നിട്ടില്ല. ഈ നിധിയുടെ വിനിയോഗം സംബന്ധിച്ച് ഏകോപനം നടത്തുന്നതിനായുള്ള സബ്കമ്മറ്റി പ്രസ്തുത കാലയളവിൽ രൂപീകരിച്ചിട്ടുണ്ടെങ്കിൽ തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.6/25.7.23) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ആനുകൂല്യങ്ങൾ സംബന്ധിച്ച് പൊതുജനങ്ങൾക്ക് ആവശ്യമായ അവബോധം നൽകി നിധിയിലേക്ക് തുക സ്വരൂപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-17 സാമൂഹ്യ ക്ഷേമ പെൻഷൻ - യഥാസമയം സസ്പെന്റ് ചെയ്യുന്നതിൽ വീഴ്ച - മരണശേഷവും വിതരണം നടത്തി-

പഞ്ചായത്തിലെ ക്ഷേമപെൻഷൻ വിതരണവിവരങ്ങൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

പഞ്ചായത്തിന്റെ സേവന ഡേറ്റ ബേസിലെ ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ വിവരവും 2022-23 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മരണങ്ങളിൽ ആധാർ നമ്പർ ലഭ്യമാക്കിയിട്ടുള്ളവരുടെ വിവരവും ഒത്തുനോക്കിയതിൽ ബാങ്ക് അക്കൌണ്ടുവഴി പെൻഷൻ വാങ്ങുന്നവരുടെ മരണശേഷം ക്ഷേമപെൻഷൻ യഥാസമയം സസ്പെന്റ് ചെയ്യുന്നില്ല എന്നു കാണുന്നു.

ഗുണഭോക്താക്കൾ മരണപ്പെട്ടാൽ തൊട്ടടുത്ത മാസം തന്നെ പെൻഷൻ സസ്പെൻഡ് ചെയ്യേണ്ടതാണെങ്കിലും നാളിതുവരെ പെൻഷൻ സസ്പെൻഡ് ചെയ്തിട്ടില്ല. തന്മൂലം ദേശസാൽകൃത ബാങ്കുകൾ വഴി പെൻഷൻ കൈപ്പറ്റുന്നവരുടെ അക്കൌണ്ടിലേക്കും, വീടുകളിൽ എത്തിച്ച നൽകുന്നവർക്കുവേണ്ടി സഹകരണ ബാങ്കുകളുടെ അക്കൌണ്ടിലേക്കും പെൻഷണറുടെ മരണശേഷവും തുക വിതരണം ചെയ്തതിന്റെ ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പേര്/മേൽവിലാസം | മരിച്ച തീയതി/മരണ രജിസ്ട്രേഷൻ തീയതി | പെൻഷൻ തരം /ഐ ഡി | അനർഹമായ കാലയളവിൽ നൽകിയ തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | സഫിയത്ത് ബീവി | 31.03.2022/ 11.04.2022 | വാർദ്ധ്യകകാല പെൻഷൻ 235523265215 | 4/2022 1,600/-രൂപ | ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു |
| 2 | സദാനന്ദൻ | 15.03.2022/ 20.04.2022 | വാർദ്ധ്യകകാല പെൻഷൻ 104470201422 | 4/2022 600/-രൂപ | ” |
| 3 | രാജമ്മ | 28.06.2022/ 8.07.2022 | കർഷക തൊഴിലാളി പെൻഷൻ 644304557615 | 7/2022-3/2023 വരെ 14,400/-രൂപ | ” |
| 4 | തങ്കപ്പൻ കെ. | 8.07.2022/ 17.08.2022 | വാർദ്ധ്യകകാല പെൻഷൻ 900537772007 | 8/2022 600/-രൂപ | |
| 5 | രാജമ്മ | 12.09.2022/ 17.10.2022 | കർഷക തൊഴിലാളി പെൻഷൻ 894219331458 | 10/2022-3/2023 വരെ 9600/-രൂപ | |
| 6 | നിർമ്മല | 19.09.2022/ 25.10.2022 | വിധവ പെൻഷൻ 701425220894 | 10/2022-2/2023 വരെ 8000/-രൂപ | |
| 7 | സുഗതകുമാരി | 9.10.2022/ 2.11.2022 | വിധവ പെൻഷൻ 424395049180 | 11/2022-3/2023 വരെ 8000/-രൂപ | |
| 8 | വിഷ്ണുദാസ് | 20.10.2022/ 7.11.2022 | വാർദ്ധ്യകകാല പെൻഷൻ 624373786829 | 11/2022 600/-രൂപ | |
| 9 | ശാന്ത എസ്. | 29.9.2022/ 11.11.2022 | വാർദ്ധ്യകകാല പെൻഷൻ | 10/2022-3/2023 വരെ | |

| | | | | | |
|---|---|---|---|---|---|
| | | | 960846884389 | 3,600/-രൂപ | |
| 10 | റംലത്ത് | 10.12.2022/ 21.12.2022 | വാർദ്ധ്യകകാല പെൻഷൻ 791457902797 | 1/2023-3/2023 വരെ 4,800/-രൂപ | |
| 11 | ഓമന | 14.12.2022/ 3.1.2023 | വാർദ്ധ്യകകാല പെൻഷൻ 330668830418 | 1/2023-3/2023 വരെ 4,800/-രൂപ | |
| 12 | ബാബു | 24.2.2023/ 30.3.2023 | വാർദ്ധ്യകകാല പെൻഷൻ 483857852903 | 3/2023 1,600/-രൂപ | |

മുകളിൽ സൂചിപ്പിച്ചിരിക്കുന്നവരുടെ പെൻഷൻ അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്യേണ്ടതും അനർഹമായ കാലയളവിലേക്ക് നൽകിയ തുകയായ 58,200/-രൂപ അനന്തരാവകാശികൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കി ഡിബിറ്റി സെല്ലിൽ ഒടുക്കിയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ആയത് സെക്രട്ടറിയുടെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

1-18 മരാമത്ത് പ്രവൃത്തികൾ - കരാർ കാലാവധിയിൽ പൂർത്തീകരിക്കാത്ത പ്രവൃത്തികളിൽ നിയമാനുസൃത പിഴ ഈടാക്കാതെ കരാറുകാർക്ക് തുക അനുവദിച്ചു

ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയിട്ടുള്ള താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണത്തിൽ വളരെയധികം കാലതാമസ്സം ഉണ്ടായിട്ടുള്ളതായി കാണുന്നു. എന്നാൽ പ്രസ്തുത പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിനായി നിയമാനുസൃതമുള്ള നടപടി ക്രമങ്ങൾ സ്വീകരിക്കുകയോ, നിയമ പ്രകാരമുള്ള പിഴ ഈടാക്കുകയോ ചെയ്യാതെയാണ് കരാറുകാർക്ക് തുക അനുവദിച്ചിട്ടുള്ളത്. വിശദ വിവരം താഴെ ചേർക്കുന്നു.

1) ആറുപറ മുപ്പത്താറിൽ ചിറ റോഡ് കോൺക്രീറ്റിംഗ്

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | : 75/22 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | : സുനിൽ എം. |
| എം.ബുക്ക് | : 213/21-22 |
| എഗ്രീഡ് പിഎസി | : 396403/- |
| പ്രവൃത്തി മൂല്യം | : 467683/- |
| ബിൽ നം. | : 10/14.11.22 |

13.9.21-ൽ കരാർ ചമച്ച പ്രവൃത്തിയുടെ പൂർത്തീകരണത്തിന് 6 മാസത്തെ കാലാവധി യാണ്

നൽകിയിരുന്നത്. ഇതനുസരിച്ച് 12.3.22 നുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചത് 25.10.22 ലാണ്.

പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഭേദഗതി ആവശ്യമായതിനാൽ 22.2.22-ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 4(2) തീരുമാന പ്രകാരം എസ്റ്റിമേറ്റ് റീവൈസ് ചെയ്യുതിന് അംഗീകാരം നൽകിയിട്ടുണ്ട്. എന്നാൽ പ്രവൃത്തിയുടെ എം.ബുക്ക് പരിശോധിച്ചതിൽ നിന്നും പ്രസ്തുത പ്രവൃത്തി ആരംഭിച്ചത് തന്നെ 14.8.22 ലാണെന്ന് കാണുന്നു. റിവൈസ് എസ്റ്റിമേറ്റ് അംഗീകരിച്ചതിന് ശേഷവും പ്രവൃത്തി ആരംഭിക്കുവാൻ കരാറുകാരന്റെ ഭാഗത്തു നിന്നും ഗുരുതരമായ അനാസ്ഥയുണ്ടായിട്ടുള്ളതായി കാണുന്നു. റിവൈസ് എസ്റ്റിമേറ്റ് തീയതി കണക്കാക്കിയാൽ പോലും പ്രവൃത്തി 21.8.22 ൽ പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചത് 25.10.22 ലാണ്.

മേൽ പ്രവൃത്തികളിൽ കരാറുകാരൻ പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് നൽകുന്നതിനായി അപേക്ഷ സമർപ്പിക്കുകയോ സപ്ലിമെന്ററി എഗ്രിമെന്റ് തയ്യാറാക്കുകയോ ചെയ്തിട്ടില്ല. പൂർത്തീകരണ കാലതാമസ്സം സംബന്ധിച്ച് ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനിയർ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. മേൽ നടപടി ക്രമങ്ങളൊന്നും പാലിക്കാതെ, 16.8.22-ലെ 6(1) നമ്പർ തീരുമാന പ്രകാരം പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് പിഴ കൂടാതെ 31.9.22 വരെ നീട്ടി നൽകിയിട്ടുള്ളതായി കാണുന്നു. (പ്രസ്തുത കാലയളവിലും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല) നിയമാനുസൃതം ഈടാക്കേണ്ട പിഴ ഈടാക്കാതെ കരാറുകാരന് തുക നൽകിയത് ക്രമ വിരുദ്ധമാണ്.

2) നാലുചിറ സ്കൂളിന് കിഴക്ക് വശം ഓട നിർമ്മാണം -

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | : | 211/22 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | : | കരാംടെക് പ്രൈവറ്റ് ലിമിറ്റഡ് |
| എം.ബുക്ക് | : | 75/22-23 |
| എഗ്രീഡ് പിഎസി | : | 871310/- |
| പ്രവൃത്തി മൂല്യം | : | 745775/- |
| ബിൽ നം. | : | 419/1.3.23 |

19.7.22-ൽ കരാർ ചമച്ച പ്രവൃത്തിയുടെ പൂർത്തീകരണത്തിന് 6 മാസത്തെ കാലാവധി യാണ് നൽകിയിരുന്നത്. ഇതനുസരിച്ച് 18.1.23 നുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചത് 22.3.23ലാണ്.

മേൽ പ്രവൃത്തികളിൽ കരാറുകാരൻ പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് നൽകുന്നതിനായി അപേക്ഷ സമർപ്പിക്കുകയോ സപ്ലിമെന്ററി എഗ്രിമെന്റ് തയ്യാറാക്കുകയോ ചെയ്തിട്ടില്ല. പൂർത്തീകരണ കാലതാമസ്സം സംബന്ധിച്ച് ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനിയർ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. മേൽ നടപടി ക്രമങ്ങളൊന്നും പാലിക്കാതെ, നിയമാനുസൃതം ഈടാക്കേണ്ട പിഴ ഈടാക്കാതെ കരാറുകാരന് തുക നൽകിയത് ക്രമ വിരുദ്ധമാണ്.

പ്രസ്തുത പ്രവൃത്തിയുടെ ബില്ലിൽ നിന്നും ആദായ നികുതി ഇനത്തിൽ ടി.ഡി.എസ് ആയി 1% ൽ 7,458/-

രൂപയാണ് ഈടാക്കിയിട്ടുള്ളത്. ഇത് വ്യക്തിഗത കരാറുകാരിൽ നിന്നും ഈടാക്കേണ്ട നിരക്കാണ്. എന്നാൽ വ്യക്തിഗത കരാറുകാരല്ലാത്ത സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും ഈടാക്കേണ്ടത് 2% നിരക്കിലാണ്. ഈടാക്കിയതിൽ കുറവ് 7,458/- രൂപ.

3) വിവിധ വാർഡുകളിൽ അഴുക്ക് ചാൽ നിർമ്മാണം

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | : | 50/23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | അസിസ്റ്റന്റ് എഞ്ചിനിയർ |
| കരാറുകാരൻ | : | മുജീബ് റഹ്മാൻ |
| എം.ബുക്ക് | : | 4/22-23 |
| എഗ്രീഡ് പിഎസി | : | 3310492/- |
| പ്രവൃത്തി മൂല്യം | : | 958844/- (2nd Part Bill) |
| ബിൽ നം. | : | 437/6.3.23 |

26.3.22-ൽ കരാർ ചമച്ച ടി പ്രവൃത്തിയുടെ പൂർത്തീകരണത്തിന് 6 മാസത്തെ കാലാവധി യാണ് നൽകിയിരുന്നത്. ഇതനുസരിച്ച് 25.9.22 നുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. പ്രവൃത്തി പൂർത്തീകരണത്തിലുണ്ടായ കാലതാമസ്സത്തിന്റെ കാരണം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. പൂർത്തീകരണ കാലയളവ് ദീർഘിപ്പിക്കുന്നതിൽ നിയമപരമായ നടപടികൾ സ്വീകരിച്ചിട്ടില്ല.

അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 30/31.07.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ആദായ നികുതി ഇനത്തിൽ കുറവ് വന്ന തുക 7,458/- രൂപ കരാർ സ്ഥാപനത്തിൽ നിന്നും തിരികെ ഈടാക്കി ഒടുക്കേണ്ടതും, മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലതാമസ്സത്തിന് നിയമ പ്രകാരമുള്ള പിഴ ഈടാക്കേണ്ടതുമാണ്.

1-19 ഗുണഭോക്തൃവിഹിതം അധികം ഈടാക്കി

പ്രോജക്ട് നം. - S0139/23

പ്രോജക്ടിന്റെ പേര് - കടലോര മത്സ്യതൊഴിലാളികൾക്ക് വള്ളം

നിർവ്വഹണ ഉദ്യോഗസ്ഥൻ -സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|
| ധനകാര്യകമ്മീഷൻ അവാർഡ് | 5,75,000 | 1,75,500 |
| ഗുണഭോക്തൃവിഹിതം (സ്ഥാപനത്തിൽ അടവാക്കുന്നത്) | 2,00,000 | 58,500 |
| തനത് ഫണ്ട് | 25,000 | 0 |

| | | |
|---|---|---|
| ആകെ | 8,00,000 | 2,34,000 |

സ്വന്തമായി മത്സ്യബന്ധന ഉപകരണങ്ങളില്ലാത്ത തൊഴിലാളികൾക്ക് ഉപകരണങ്ങൾ സ്വന്തമാക്കാൻ ലക്ഷ്യമിട്ട പ്രോജക്ട്(യൂണിറ്റ് വിലയുടെ 75% സബ്സിഡി 25% ഗുണഭോക്തൃവിഹിതം).

Vishnu Boat Builders-ന്റെ 23.03.23 തീയതിയിലെ 7/22-23 നം.ഇൻവോയ്സ് പ്രകാരം വള്ളം വാങ്ങിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| Item | Qty | Rate | Amount |
|---|---|---|---|
| FRP Boat(Vallam) | 5 | 44572 | 2,22,860 |
| CGST(2.5%) | | | 5,571.50 |
| SGST(2.5%) | | | 5,571.50 |
| Round Off | | | 3 |
| TOTAL AMOUNT | | | 2,34,000 |

ധനകാര്യകമ്മീഷൻ അവാർഡ് ഇനത്തിൽ 1,75,500/-രൂപയും ഗുണഭോക്തൃവിഹിതം ഇനത്തിൽ 58,500/-രൂപയും(ചെക്ക് നം.102504/28.03.23) ഉൾപ്പടെ 2,34,000/-രൂപ Vishnu Boat Builders ന് നൽകി.

അപാകത ചുവടെ കൊടുക്കുന്നു.

ഗുണഭോക്താക്കളിൽ നിന്ന് 800/-രൂപ വീതം അധികമായാണ് ഗുണഭോക്തൃവിഹിതം ഈടാക്കി നിർവ്വഹണ ഉദ്യോഗസ്ഥൻ പഞ്ചായത്തിൽ അടവാക്കിയത്. ഗുണഭോക്തൃവിഹിതം ഈടാക്കിയതിന്റെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, മേൽവിലാസം | വാർഡ് നം | ബുക്ക് നം./ രശീതി നം./ തീയതി | ഈടാക്കിയ തുക | ഈടാക്കേണ്ട തുക | അധികം ഈടാക്കിയ തുക |
|---|---|---|---|---|---|---|
| 1 | പ്രിൻസ് വെട്ടക്കൽ തോട്ടപ്പള്ളി | 9 | 11447/6 /21.03.23 | 12,500 | 11,700 | 800 |
| 2 | പ്രദീപ് പുത്തൻപറമ്പ് തോട്ടപ്പള്ളി | 9 | 11447/7 /21.03.23 | 12,500 | 11,700 | 800 |

| | | | | | | |
|---|---|---|---|---|---|---|
| 3 | അമലകുമാർ പൂത്തോപ്പിൽ തോട്ടപ്പള്ളി | 9 | 11447/8 /21.03.23 | 12,500 | 11,700 | 800 |
| 4 | സിദ്ധാർത്ഥൻ അരയശ്ശേരിൽ പുന്തല പുറക്കാട് | 15 | 11447/9 /21.03.23 | 12,500 | 11,700 | 800 |
| 5 | ഷൈബു മൂന്നുപൂക്കൾഭവനം തോട്ടപ്പള്ളി | 12 | 11447/10 /23.03.23 | 12,500 | 11,700 | 800 |
| ആകെ | | | | 62,500 | 58,500 | 4,000 |

ഗുണഭോക്തൃവിഹിതം ഇനത്തിൽ ഈടാക്കിയ 62,500/-രൂപ പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | രശീതി നം/തീയതി | തുക |
|---|---|---|
| 1 | 1220701321/G040501/21.03.23 | 50,000 |
| 2 | 1220701347/G040501/23.03.23 | 12,500 |
| ആകെ | | 62,500 |

ഗുണഭോക്തൃവിഹിതം ഇനത്തിൽ അധികമായി ഈടാക്കി ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിൽ അടവാക്കിയ 4,000/-രൂപ ഗുണഭോക്താക്കൾക്ക് മടക്കി നൽകുന്നതിനായി തിരികെ നൽകണമെന്ന് ആവശ്യപ്പെട്ട് 27.03.23-ൽ നിർവ്വഹണ ഉദ്യോഗസ്ഥൻ സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട്. 4,000/-രൂപ പഞ്ചായത്ത് ഫണ്ടിൽ നിന്നും തിരികെ ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.4 തീയതി 25.07.23), അധികമായി സമാഹരിച്ച് പഞ്ചായത്തിന്റെ അക്കൌണ്ടിൽ നിക്ഷേപിച്ച 4,000/-രൂപ പഞ്ചായത്തിൽ നിന്ന് തിരികെ ലഭിച്ചാൽ ഉടൻ തന്നെ ഗുണഭോക്താക്കൾക്ക് 800/-രൂപ വീതം തിരികെ നൽകുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കി. പഞ്ചായത്ത് ഫണ്ടിൽ നിന്നും തുക തിരികെ നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു. നിർവ്വഹണ ഉദ്യോഗസ്ഥൻ തുക ഗുണഭോക്താക്കൾക്ക് നൽകി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

1-20 അപേക്ഷകരുടെ എണ്ണത്തേക്കാൾ അധികം ഫർണിച്ചർ വാങ്ങി

പ്രോജക്ട് നം. - S0149/23

പ്രോജക്ടിന്റെ പേര് - ഉൾനാടൻ മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ഫർണിച്ചർ

നിർവ്വഹണ ഉദ്യോഗസ്ഥൻ -സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|
| വികസനഫണ്ട്(പൊതുവിഭാഗം) | 2,00,000 | 1,95,010 |

SIDCO യുടെ 01.02.23 തീയതിയിലെ ALPY/22-23നം.ഇൻവോയ്സ് പ്രകാരം ഫർണിച്ചർ വാങ്ങിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| Item | Qty | Rate | Amount |
|---|---|---|---|
| Hardwood Sd Table 90X60X75cm | 25 | 5575 | 1,39,375 |
| Hardwood Chair | 25 | 1035 | 25,887.50 |
| CGST(9%) | | | 14,873.63 |
| SGST(9%) | | | 14,873.63 |
| Round Off | | | 0.24 |
| TOTAL AMOUNT | | | 1,95,010 |

വികസനഫണ്ടിൽ നിന്നും 1,95,010/-രൂപ(ബിൽ നം.9/22-23/18.02.23) സിഡ്കോയ്ക്ക് നൽകി.

അപാകത ചുവടെ കൊടുക്കുന്നു.

ഗുണഭോക്തൃ ലിസ്റ്റിൽ 33 പേർ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ അപേക്ഷയും അനുബന്ധ രേഖകളും ഹാജരാക്കിയത് താഴെ ചേർക്കുന്ന 10 പേർ മാത്രമാണ്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, മേൽവിലാസം | വാർഡ് നം. |
|---|---|---|
| 1 | അനിൽകുമാർ,<br>പുത്തൻചിറ, തോട്ടപ്പള്ളി | 12 |
| 2 | സാബു,<br>വാഴചിറ, തോട്ടപ്പള്ളി | 12 |
| 3 | ഷിബു, | 10 |

| | | |
|---|---|---|
| | കൊല്ലന്റെതെക്കേതിൽ, തോട്ടപ്പള്ളി | |
| 4 | സുരേഷ് കുമാർ,<br>പുത്തൻചിറ, തോട്ടപ്പള്ളി | 7 |
| 5 | ഷിബു ടി.,<br>പുതുവൽ, നാലുചിറ, തോട്ടപ്പള്ളി | 7 |
| 6 | രമേശൻ,<br>പുത്തൻപറമ്പ്, നാലുചിറ, തോട്ടപ്പള്ളി | 7 |
| 7 | അനിൽകുമാർ,<br>ബണ്ട്ചിറ, തോട്ടപ്പള്ളി | 7 |
| 8 | സാബു ജോസഫ്,<br>കരിയിൽ പുത്തൻപറമ്പ്, പുറക്കാട് | 6 |
| 9 | മുഹമ്മദ് ഷഫീഖ്,<br>മഠത്തിൽപറമ്പ്, കരൂർ | 4 |
| 10 | വിനോദ്,<br>ജ്യോതിഷ് ഭവനം, പുറക്കാട് | 3 |

മേൽ 10 ഗുണഭോക്താക്കൾക്ക് ഫർണിച്ചർ വിതരണം ചെയ്തിട്ടുണ്ട്.

10 അപേക്ഷകർ മാത്രമുള്ളപ്പോൾ 25 പേർക്കുള്ള ഫർണിച്ചർ വാങ്ങിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.5 തീയതി 25.07.23), ഗുണഭോക്താക്കളെ പല തവണ ഫോണിലൂടെയും നേരിട്ടും ജനപ്രതിനിധികൾ മുഖേനയും അറിയിച്ചിട്ടും അപേക്ഷയും അനുബന്ധരേഖകളും നാളിതുവരെയും നൽകാത്തതുമൂലമാണ് ഫർണിച്ചർ വിതരണം ചെയ്ത് തീർക്കാതിരുന്നതെന്നും, വിതരണം ചെയ്യാത്ത 15 വീതം മേശയും കസേരയും പഞ്ചായത്തിലും മത്സ്യഭവനിലുമായി സൂക്ഷിച്ചിരിക്കുന്നു എന്നും, ബാക്കിയുള്ള ഗുണഭോക്താക്കളിൽ നിന്ന് രേഖകൾ വാങ്ങി ഉടൻ തന്നെ വിതരണം പൂർത്തിയാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. മതിയായ അപേക്ഷകരില്ലാതെ സപ്ലൈ ഓർഡർ നൽകിയ നടപടി ക്രമപ്രകാരമല്ല. അപേക്ഷകരുടെ എണ്ണത്തിന് മാത്രം പഠനോപകരണങ്ങൾ വാങ്ങാൻ ശ്രദ്ധിക്കേണ്ടതാണ്. ഫർണിച്ചർ വിതരണം പൂർണ്ണമാകാത്തതിനാൽ 15 വീതം പഠനോപകരണങ്ങളുടെ ചെലവ് തുക 1,16,998/- തടസ്സപ്പെടുത്തുന്നു.

1-21 രജിസ്റ്റേർഡ് യുവജന ക്ലബുകൾക്ക് സ്പോർട്ട്സ് കിറ്റ് - പദ്ധതി നിർവ്വഹണത്തിൽ ക്രമാതീതമായ കാലതാമസ്സം- പൂർണ്ണമായ വിതരണ വിവരമില്ല

| | |
|---|---|
| പ്രോജക്ട് വിവരം | : രജിസ്റ്റേർഡ് യുവജന ക്ലബുകൾക്ക് സ്പോർട്ട്സ് കിറ്റ് (66/23) |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | : എച്ച്.എം. ജി.എൽ.പി.എസ് തോട്ടപ്പള്ളി |
| അടങ്കൽ തുക | : 1,00,000/- |
| ചെലവ് തുക | : 84,420/- |
| ബിൽ നമ്പർ | : 2/3.8.2022 |

2022-23 വർഷത്തെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി സ്പിൽ ഓവറായി നടപ്പാക്കിയ പ്രസ്തുത പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തിലുള്ള 21 രജിസ്റ്റേർഡ് യുവജന ക്ലബുകൾക്ക് സ്പോർട്ട്സ് കിറ്റുകൾ വിതരണം ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. പ്രസ്തുത പദ്ധതിയ്ക്കായി ക്വട്ടേഷൻ ക്ഷണിച്ചത് പ്രകാരം ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത റോബിൻ സ്പോർട്ട്സ്, ആലപ്പുഴയുടെ (14.1.22-ലെ ഇൻവോയ്സ്) ക്വട്ടേഷൻ 22.2.2022-ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 2(7) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ 18.7.22-ൽ ഉപകരണങ്ങൾ വാങ്ങുകയും ചെയ്തിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുള്ളതായി കാണുന്നു.

1) പ്രസ്തുത പദ്ധതിയ്ക്കായി ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് നൽകുന്നതിനും ആയത് പ്രകാരം ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനും നിർവ്വഹണ ഉദ്യോഗസ്ഥയായ എച്ച്.എം നെ ചുമതലപ്പെടുത്തിയിട്ടുള്ളത് 17.5.2023-ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 1(4) നമ്പർ തീരുമാന പ്രകാരമാണ്. ഇത് പ്രകാരം നൽകിയിട്ടുള്ള ലിസ്റ്റിൽ 16 സ്ഥാപനങ്ങൾ മാത്രമാണുള്ളത്. തുടർന്ന് ഉപകരണങ്ങൾ നൽകുന്നതിന് കുറച്ച് കൂടി സ്ഥാപനങ്ങളെ ആവശ്യമുണ്ടെന്നുള്ള എച്ച്.എം. ന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ 12.6.2023-ലെ 1 (3) നമ്പർ പഞ്ചായത്ത് കമ്മിററി തീരുമാന പ്രകാരം 6 ക്ലബുകളെ കൂടി ഉൾപ്പെടുത്തി(അടുത്ത ഗ്രാമസഭയിൽ സാധൂകരണം ലഭ്യമാക്കണം എന്ന നിർദ്ദേശത്തോടെ) നൽകിയിട്ടുള്ളതായും കാണുന്നു.

2) 12.6.23 ലാണ് ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമായതെന്നിരിക്കെ ഗുണഭോക്താക്കളെ നിശ്ചയിക്കുന്നതിന് മുമ്പ് 18.7.2022 ൽ തന്നെ 21 യൂണിറ്റുകൾ വാങ്ങിയതിന്റെ കാരണം വ്യക്തമല്ല.

3) ഹാജരാക്കിയ ഫയലിൽ 16 ക്ലബുകൾക്ക് ഉപകരണങ്ങൾ വിതരണം ചെയ്തതിന്റെ രേഖകൾ മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. ബാക്കിയുള്ള ഉപകരണങ്ങളുടെ വിതരണ വിവരം ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല.

4) ഗ്രാമസഭയുടെ അംഗീകാരമില്ലാതെ ആനുകൂല്യം നൽകിയിട്ടുള്ള പക്ഷം ആയതിന് സാധൂകരണം ലഭ്യമായിട്ടുള്ളതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

5) പദ്ധതി നിർവ്വഹണത്തിലുണ്ടായിട്ടുള്ള ക്രമാതീതമായ കാലതാമസ്സത്തിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.26/31.7.23) നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല. ഒരു ക്ലബിന് 4,020/- രൂപ നിരക്കിലുള്ള സ്പോർട്ട്സ് ഉപകരണങ്ങളാണ് വാങ്ങിയിട്ടുള്ളത്. വിതരണ വിവരം ലഭ്യമാക്കിയിട്ടില്ലാത്ത 5 യൂണിറ്റിന്റെ വില 20,100/- (4020 X 5) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-22 തൊഴിലുറപ്പ് പദ്ധതി. നിയമാനുസൃത നികുതി ഈടാക്കിയില്ല

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മിഷൻ ഡയറക്ടർ 30.07.19-ൽ പുറപ്പെടുവിച്ചിട്ടുള്ള നം.957/ഇജിഎസ്സ്/16/ആർഇജിഎസ്സ് സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ളത് പ്രകാരം, 2017-ലെ CGST/SGST നിയമം വകുപ്പ് 51 പ്രകാരം 2.5 ലക്ഷം രൂപയ്ക്ക് തുല്യമോ, അതിന് മുകളിലോ മൂല്യമുള്ള വ്യാപാരങ്ങൾക്കും

സേവനങ്ങൾക്കും ബന്ധപ്പെട്ട വിതരണക്കാരൻ / വ്യാപാരിയിൽ നിന്നും 2% തുക GST ഇനത്തിൽ ഉറവിടത്തിൽ നിന്ന് കുറവ് ചെയ്ത് ജി.എസ്.ടി. വകുപ്പിൽ ഒടുക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. താഴെപ്പറയുന്ന റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ കരാറുകാരന് 2.5 ലക്ഷം രൂപയിൽ അധികം നൽകിയിട്ടുണ്ടെങ്കിലും ബില്ലിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട ജിഎസ്ടി കുറവ് ചെയ്തതിന്റെ രേഖകൾ ലഭ്യമല്ല.ടി കരാറുകാരിൽ നിന്നും സോഴ്സ് ഡിഡക്ഷൻ നടത്തിയതിന്റെ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കിയില്ല.

| പ്രവൃത്തി | ചെലവഴിച്ച തുക | എഫ് റ്റി ഒ നമ്പർ | കരാറുകാരൻ | ജിഎസ്ടി |
|---|---|---|---|---|
| വാർഡ് 6 -അഞ്ചിൽ-പട്ടരുകളം റോഡ്സ് നിർമ്മാണം ഘട്ടം 2 (1611001005/RC/346049) എം ബുക്ക് നം. 274/22-23 | 4,80,933 | 891042/5.07.2021 | സജിമോൻ ആർ. TinNo-32DESPS0864F1Z7) | 9618 |
| വാർഡ് 4 -തൈപ്പറമ്പ് -ലക്ഷംവീട് നടപ്പാത നിർമ്മാണം (1611001005/RC/345938) എം ബുക്ക് നം. 112/22-23 | 372418.21 | 22161255/13.07.2022 | രാംസ് എഞ്ചീനീയേഴ്സ് ആന്റ് സർവ്വീസസ് ലിമിറ്റഡ്(TinNo-32AAICR1822J1ZJ) | 7448 |
| വാർഡ് 3 -കൈമൂട് -ചെറുശ്ശേരി INTER LOCK നടപ്പാത നിർമ്മാണം (1611001005/RC/345807) എം ബുക്ക് നം. 104/22-23 | 365851 | 22162461/13.07.2022 | രാംസ് എഞ്ചീനീയേഴ്സ് ആന്റ് സർവ്വീസസ് ലിമിറ്റഡ്(TinNo-32AAICR1822J1ZJ) | 7317 |
| വാർഡ് 17 -NH തെക്കൻ കോയിക്കൽ നടപ്പാത നിർമ്മാണം (1611001005/RC/341722) എം ബുക്ക് നം. 100/22-23 | 256540 | 161291/27.03.2023 | നജീബ് മുഹമ്മദ് അലി(TinNo-32CUSPM1701N2ZD) | 5130 |
| വാർഡ് 6 -അഞ്ചിൽ-പട്ടര്കളം കരിങ്കൽഭിത്തിനിർമ്മാണം ഘട്ടം 2 (1611001005/FP/378265) എം ബുക്ക് നം. 274/22-23 | 363367 | 722161266/13.07.2022 | സജിമോൻ ആർ(TinNo-32DESPS0864F1Z7) | 7267 |
| വാർഡ് 5 വള്ളക്കടവ് -ചിറയിൽ കോൺക്രീറ്റ് നടപ്പാത നിർമ്മാണം (1611001005/RC/368786) എം ബുക്ക് നം. 117/22-23 | 291357 | 161666/31.03.2023 | രാംസ് എഞ്ചീനീയേഴ്സ് ആന്റ് സർവ്വീസസ് ലിമിറ്റഡ്(TinNo-32AAICR1822J1ZJ) | 5827 |
| വാർഡ് 16 ദേവസ്വംപറമ്പ് - തക്ക് മഠം നടപ്പാത നിർമ്മാണം ഘട്ടം 4 | 479631 | 22161286/5.0.2022 | രാജേന്ദ്രൻ സി (TinNo-32ANMPR0604G2Z9) | 9592 |

| | | | | |
|---|---|---|---|---|
| (1611001005/RC/353592) എം ബുക്ക് നം. 183/22-23 | | | | |
| വാർഡ് 11 -എട്ടിൽവീട് നടപ്പാത നിർമ്മാണം (1611001005/RC/346024) എം ബുക്ക് നം. 281/22-23 | 354535 | 2216407/13.07.2022 | ഹബീബ് എച്ച് (TinNo-32CMMPS6465F1ZO) | 7087 |
| വാർഡ് 10 -KPP ICE PLANT -കൊല്ലപ്പള്ളി നടപ്പാത നിർമ്മാണം (1611001005/RC/350638) എം ബുക്ക് നം. 125/22-23 | 332052 | ലഭ്യമല്ല | ഹബീബ് എച്ച് (TinNo-32CMMPS6465F1ZO) | 6641 |
| പട്ടരുമുളം- മുളമ്പുഴ ഇന്റർ ലോക്ക് റോഡ് എം ബുക്ക് നം.183/22-23 | 1950151 | 16335/13.07.2022 | സജിമോൻ ആർ .TinNo-32DESPS0864F1Z7) | 39003 |
| ആകെ | | | | 104930 |

മേൽ രേഖപ്പെടുത്തിയിട്ടുള്ള പ്രവർത്തികളിൽ ജിഎസ്ടി കുറവ് ചെയ്യാതെ കരാറുകാരന് തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (21/31.07.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈയിനത്തിൽ കരാറുകാർക്ക് അധികം നൽകിയ 1,04,930/- രൂപ കരാറുകാരിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിൽ ഒടുക്കേണ്ടതാണ്. അല്ലാത്ത പക്ഷം ആയത് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥരുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

1-23 ആറുപറ മുപ്പത്തിയാറിൽ ചിറ റോഡ് ഡ്രെയിൻ നിർമ്മാണം - ഫൈൻ ഈടാക്കിയതിൽ കുറവ്

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | : | 220/23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | അസിസ്റ്റന്റ് എഞ്ചിനിയർ |
| കരാറുകാരൻ | : | സജിമോൻ ആർ. |
| എഗ്രീഡ് പിഎസി | : | 785110/- |
| പ്രവൃത്തി മൂല്യം | : | 251584/- |
| ബിൽ നം. | : | 560/25.3.23 |

പ്രസ്തുത പ്രവൃത്തിയുടെ Letter Of Acceptance ലെ Clause (6) പ്രകാരം പ്രവൃത്തിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് 2,00,000/- രൂപയുടെ ഇൻഷ്വറൻസ് എടുക്കേണ്ടതാണെന്നും, പോളിസി സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത പക്ഷം കരാർ തുകയുടെ 0.2% നിരക്കിൽ ഫൈൻ ഈടാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രവൃത്തിയുടെ കരാറുകാരനായ ശ്രീ.സജിമോൻ 7,85,110/- രൂപയ്ക്കാണ് പ്രവൃത്തി ഏറ്റെടുത്തിട്ടുള്ളത്. ഇൻഷ്വറൻസ് എടുത്തിട്ടില്ലാത്തതിനാൽ നിയമ പ്രകാരം ടിയാനിൽ നിന്നും 1,570/- രൂപ ഫൈൻ ഈടാക്കേണ്ടതാണ്. എന്നാൽ പ്രവൃത്തിയുടെ ബില്ലിൽ നിന്നും 426/- രൂപയാണ്

ഈടാക്കിയിട്ടുള്ളത്. കുറവായ 1,144/- രൂപ ടിയാനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-24 എസ്.സി. കുട്ടികൾക്ക് പഠനമുറി നിർമ്മാണം - പ്രവൃത്തി പൂർത്തീകരിച്ചില്ല

പ്രോജക്ട് നം. - S0148/23

പ്രോജക്ടിന്റെ പേര് - എസ്.സി. കുട്ടികൾക്ക് പഠനമുറി നിർമ്മാണം

നിർവ്വഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് സെക്രട്ടറി

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|
| വികസനഫണ്ട്(പൊതുവിഭാഗം) | 4,00,000 | 4,00,000 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 4,00,000 | 0 |
| ആകെ | 8,00,000 | 4,00,000 |

ഗുണഭോക്താക്കൾ തുക കൈപ്പറ്റിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, മേൽവിലാസം | കൈപ്പറ്റിയ തുക | ബിൽ നം./തീയതി | ആകെ കൈപ്പറ്റിയ തുക |
|---|---|---|---|---|
| 1 | ജഗദമ്മ, കരിക്കളം, പഴയങ്ങാടി | 50,000 | 13/22-23 /11.1.23 | 1,00,000 |
| | | 50,000 | 15/22-23 /16.3.23 | |
| 2 | രവിചന്ദ്രൻ സി., പുത്തൻതറ, കരുർ | 50000 | 13/22-23 /11.1.23 | 1,50,000 |
| | | 50000 | 15/22-23 /16.3.23 | |
| | | 50000 | 17/22-23 /29.3.23 | |
| 3 | സുരേഷ് സി.വി., അപ്പോത്തിക്കരിച്ചിറ, പുറക്കാട് | 50000 | 13/22-23 /11.1.23 | 50,000 |
| 4 | സുഭാഷ് എസ്., പ്രശാന്തി, കരുർ | 50000 | 13/22-23 /11.3.23 | 1,00,000 |
| | | 50000 | 16/22-23 /29.3.23 | |
| ആകെ | | | | 4,00,000 |

മേൽ 4 ഗുണഭോക്താക്കളും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. ആയതിന് വിശദീകരണവും പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14 തീയതി 27.07.23)മറുപടി ലഭ്യമാക്കിയില്ല. മേൽ ഗുണഭോക്താക്കൾ പഠനമുറി നിർമ്മാണം പൂർത്തിയാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-25 കടലോര മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ് -അപേക്ഷകരേക്കാൾ അധികം

ലാപ്ടോപ്പ് വാങ്ങി

പ്രോജക്റ്റ് നം. - S0146/23

പ്രോജക്റ്റിന്റെ പേര് - കടലോര മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ്

നിർവ്വഹണ ഉദ്യോഗസ്ഥൻ -സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|
| വികസനഫണ്ട്(പൊതുവിഭാഗം) | 12,38,122 | 12,38,122 |
| തനത് ഫണ്ട് | 4,374 | 4,374 |
| ആകെ | 12,42,496 | 12,42,496 |

കെൽട്രോണിന്റെ 21.01.23-ലെ TVM/ITBG/PI/RC/45000/22-23 നം. പ്രൊഫോർമ ഇൻവോയ്സ് പ്രകാരം ലാപ്ടോപ്പ് വാങ്ങിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| Item | Qty | Rate | Amount |
|---|---|---|---|
| Laptop- Medium End-Ubuntu | 34 | 36544 | 12,42,496 |

വികസനഫണ്ടിൽ നിന്നും 12,38,122/-രൂപയും(ബിൽ നം.14/22-23/23.03.23), തനത് ഫണ്ടിൽ നിന്നും 4,374/-രൂപയും (ചെക്ക് നം.6054679 തീ.13.03.23) ഉൾപ്പടെ 12,42,496/-രൂപ കെൽട്രോണിന് നൽകി.

അപേക്ഷയും അനുബന്ധ രേഖകളും ഹാജരാക്കിയത് താഴെ ചേർക്കുന്ന 14 പേർ മാത്രമാണ്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, മേൽവിലാസം | വാർഡ് നം |
|---|---|---|
| 1 | അഹമ്മദ് കുഞ്ഞ്,<br>സുബൈദ മൻസിൽ, കരൂർ | 2 |
| 2 | ബിജു,<br>അറയ്ക്കത്തറ, തോട്ടപ്പള്ളി | 10 |
| 3 | പ്രദീപൻ,<br>പുത്തൻപറമ്പിൽ, തോട്ടപ്പള്ളി | 10 |
| 4 | ലിജിമോൻ,<br>പൊഴിക്കൽ, തോട്ടപ്പള്ളി | 13 |
| 5 | പ്രശാന്തി നാഗേന്ദ്രൻ, | 13 |

| | | |
|---|---|---|
| | പൊഴിക്കൽ, പൂന്തല | |
| 6 | സന്തോഷ്,<br>തൈപറമ്പ്, തോട്ടപ്പള്ളി | 13 |
| 7 | പ്രദീപ്,<br>പുത്തൻപറമ്പ്, പൂന്തല | 14 |
| 8 | സന്തോഷ് കുമാർ,<br>പുത്തൻപറമ്പ്, പൂന്തല | 14 |
| 9 | പ്രദീപ്,<br>അരയശ്ശേരിൽ, പൂന്തല | 15 |
| 10 | സുനിൽ,<br>കാട്ടിൽപറമ്പ്, പുറക്കാട് | 15 |
| 11 | രാജു,<br>മാധവത്ത്, പുറക്കാട് | 16 |
| 12 | സൈന്തവൻ,<br>അനന്തൻപറമ്പ്, പുറക്കാട് | 16 |
| 13 | രാജു,<br>അനന്തൻകാട്, പുറക്കാട് | 17 |
| 14 | അജിത മഹേന്ദ്രൻ,<br>ദേവസ്വം പറമ്പ്, പുറക്കാട് | 17 |

അപാകത ചുവടെ കൊടുക്കുന്നു.

1) മേൽ 14 ഗുണഭോക്താക്കൾ മാത്രമാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളതെങ്കിലും 34 പേർക്കുള്ള ലാപ്ടോപ് വാങ്ങി.

2) വാങ്ങിയ ലാപ്ടോപ്പുകൾ മേൽ 14 ഗുണഭോക്താക്കൾക്ക് ഓഡിറ്റ് തീയതി വരെ വിതരണം ചെയ്തിട്ടില്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.24 തീയതി 31.07.23), 14 ലാപ്ടോപ്പുകൾ 03.08.23-ൽ ബഹുമാനപ്പെട്ട ഫിഷറീസ് മിനിസ്റ്ററുടെ അധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ വിതരണം ചെയ്യുമെന്നും, ബാക്കിയുള്ള 20 ലാപ്ടോപ്പുകൾ ഗുണഭോക്താക്കളിൽ നിന്നും അപേക്ഷകൾ വാങ്ങി എത്രയും പെട്ടെന്ന് വിതരണം ചെയ്യുന്നതാണെന്നും മറുപടി ലഭ്യമാക്കി. മതിയായ അപേക്ഷകരില്ലാതെ സപ്ലൈ ഓർഡർ നൽകിയ നടപടി ക്രമപ്രകാരമല്ല. അപേക്ഷകരുടെ എണ്ണത്തിന് മാത്രം പഠനോപകരണങ്ങൾ വാങ്ങാൻ ശ്രദ്ധിക്കേണ്ടതാണ്. ലാപ്ടോപ് വിതരണം പൂർണ്ണമാകാത്തതിനാൽ 20 ലാപ്ടോപ്പുകളുടെ ചെലവ് തുക 7,30,880/- തടസ്സപ്പെടുത്തുന്നു.

## 1-26 വാർഡ് ഹെൽത്ത് സാനിറ്റേഷൻ കമ്മിറ്റികളുടെ അക്കൗണ്ടുകൾ കറൻ്റ് അക്കൗണ്ടുകളായി നിലനിൽക്കുന്നു

പി.എച്ച്.സി.തോട്ടപ്പള്ളിയുടെ കീഴിൽ വരുന്ന 10 വാർഡുകളിൽ വാർഡ് 7,14,17 എന്നി വാർഡ് ഹെൽത്ത് സാനിറ്റേഷൻ കമ്മിറ്റികൾക്ക് മാത്രമാണ് സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ഉള്ളത്. ബാക്കി 7 വാർഡുകളിലും പി.എച്ച്.സി.പുറക്കാടിന്റെ കീഴിൽ വരുന്ന 8 വാർഡുകളിലെ വാർഡ് ഹെൽത്ത് സാനിറ്റേഷൻ കമ്മിറ്റികളുടെ അക്കൗണ്ടുകളും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ,പുറക്കാട് ബ്രാഞ്ചിൽ കറന്റ് അക്കൗണ്ടാണ്. മഴക്കാലപൂർവ്വ ശുചീകരണത്തിനുള്ള തുക, ശുചിത്വ മിഷൻ തുക, എൻ.എച്ച്.എം. തുക എന്നിവ ഈ അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്യുന്നത്. ആകെയുള്ള 18 വാർഡുകളിൽ 15 വാർഡുകളുടെ അക്കൗണ്ടുകൾ കറന്റ് അക്കൗണ്ട് ആയി നിലനിർത്തിയിരിക്കുന്നതിനാൽ പലിശ ഇനത്തിൽ തുകയൊന്നും ലഭിക്കുന്നില്ല. സേവിംഗ്സ് ബാങ്ക് അക്കൗണ്ടിന് പകരം കറന്റ് അക്കൗണ്ട് എടുത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 25/31.07.23) മറുപടി ലഭ്യമാക്കിയില്ല. അക്കൗണ്ടുകൾ സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളാക്കി മാറ്റുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-27 ലൈഫ് മിഷൻ ഭവന നിർമ്മാണം (എസ്.സി.) അഡ്വാൻസ് തുക കൈപ്പറ്റിയിട്ടും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല

പ്രോജക്ട് നം.226/23
അടങ്കൽ – 694592(വികസനഫണ്ട്)
-2000000 (സംസ്ഥാനാവിഷ്കൃതഫണ്ട്)
– 1500000 (ജില്ലാപഞ്ചായത്ത് ഷെയർ)
– 2305408 (മറ്റുള്ളവ)

വി.ഇ.ഒ നിർവ്വഹണം നടത്തി ഭവനരഹിതർക്ക് വീട് എന്ന ലക്ഷ്യം പൂർത്തീകരിക്കാനായി ആവിഷ്കരിച്ച ലൈഫ് ഭവനപദ്ധതിയിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ അഡ്വാൻസ് തുക കൈപ്പറ്റിയെങ്കിലും ഭവന നിർമ്മാണത്തിന്റെ പ്രാരംഭ നടപടികൾ പോലും ആരംഭിച്ചിട്ടില്ല.

| ക്രമ നമ്പർ | ഗുണഭോക്താവ് | ചെലവ് വിവരം |
|---|---|---|
| 1 | വാസന്തി രവീന്ദ്രൻ | 40,000 /-<br>ബി ആർ നം. -22060352011901276090/02.03.2023) |
| 2 | രതിമോൾ കൊച്ചുതറ | 40,000 /-<br>ബി ആർ നം. -22060352011901369279/16.03.2023) |
| 3. | അമ്മിണി കൊച്ചുതറ | 40,000 /- |

| | | |
|---|---|---|
| | | ബി ആർ നം -220603520119015257OO/28.03.2023 |

ലൈഫ് മിഷൻ ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണം സംബന്ധിച്ച മാർഗ്ഗരേഖകൾ പ്രകാരം [സ.ഉ.(കൈ.)നം.34/2018/ത.സ്വ.ഭ.വ. തീ.16.03.18] ഗുണഭോക്താക്കൾ ഒന്നാം ഗഡു കൈപ്പറ്റിയ തീയതി മുതൽ 6 മാസം കൊണ്ട് വീട് നിർമ്മാണം പൂർത്തിയാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.12/27.7.23)ലഭ്യമാക്കിയ മറുപടിയിൽ ഗുണഭോക്താക്കളെ കൊണ്ട് പണി പൂർത്തികരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതായിരിക്കും എന്നറിയിക്കുകയുണ്ടായി. ആയതിനാൽ മേൽ വ്യക്തികളെക്കൊണ്ട് വീട് നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-28 മൽസ്യതൊഴിലാളി ലൈഫ് പദ്ധതി - ഭവനനിർമ്മാണം പൂർത്തികരിച്ചില്ല

പ്രോജക്ട് നം. - 74/23

40,000 /- - ചെക്ക് നം.956226 /31.05.2021

60,000 /- - (ചെക്ക് നം.956226 /31.05.2021)

മൽസ്യതൊഴിലാളി ലൈഫ്ഭവനനിർമ്മാണം എന്ന പദ്ധതിയിലൂടെ വാർഡ് 12 ഷൈൻ, കുറ്റിക്കാട് എന്ന ഗുണഭോക്താവിന് രണ്ടു ഗഡുക്കളായി 1,00,000 /- രൂപ അനുവദിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ടിയാളുടെ മൽസ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിലെ തിരിച്ചറിയൽ കാർഡിൽ ജോലി പീലിംഗ് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ലൈഫ് മിഷൻ മൽസ്യതൊഴിലാളി ലിസ്റ്റിൽ ഉൾപ്പെട്ടതിനാലാണ് ആനുകൂല്യത്തിന് അർഹനായത്. എന്നാൽ 1 ലക്ഷം രൂപ നൽകിയതിന് ശേഷം ഈ ഗുണഭോക്താവിന് അടുത്ത ഗഡു അനുവദിച്ചിട്ടില്ല. ഈ അപാകത ചൂണ്ടിക്കാട്ടി നൽകിയ എൻക്വയറിക്ക്(13/27.7.23) ലഭ്യമാക്കിയ മറുപടിയിൽ മൽസ്യത്തൊഴിലാളി വകുപ്പ് മുഖേന ഭവനനിർമ്മാണ ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ഗുണഭോക്താവ് സമർപ്പിച്ചിട്ടില്ലാത്തതിനാലാണ് അടുത്ത ഗഡു അനുവദിക്കാതിരുന്നതെന്ന് അറിയിക്കുകയുണ്ടായി. ആയത് ലഭ്യമാകുന്ന മുറയ്ക്ക് അടുത്ത തുക അനുവദിക്കുന്നതാണെന്നും അറിയിച്ചു. ആയതിനാൽ മേൽ വ്യക്തിയെക്കൊണ്ട് വീട് നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2) ബിജോയി നടുവിലെപറമ്പ് (വാർഡ് 1) ഫിഷറീസ് അഡിഷണൽ ലിസ്റ്റ് എന്ന ഭവനനിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി 40,000 -/ രൂപ കൈപ്പറ്റിയിട്ടുണ്ട്.(ബിൽ നം.2/21-22/18.08.2021) എന്നാൽ ടി ഗുണഭോക്താവ് നാളിതുവരെ ഭവന നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. ഈ ഗുണഭോക്താവിന് ആദ്യ ഗഡു അനുവദിച്ചതിന് ശേഷം ഗുണഭോക്താവിന്റെ മകന് ആർമിയിൽ ജോലി കിട്ടുകയുണ്ടായി. ആയതിനാൽ തുടർ ഗഡുക്കൾ നൽകിയില്ല എന്ന് നിർവ്വഹണോദ്യോഗസ്ഥ ഈ അപാകതയ്ക്ക് മറുപടി നൽകിയിട്ടുണ്ട്. ആയതിനാൽ ഈ ഗുണഭോക്താവ് കൈപ്പറ്റിയ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-29 ഇലക്ട്രിക് പോസ്റ്റ് മാറ്റി വെയ്ക്കൽ - പ്രവൃത്തി പൂർത്തീകരിച്ചില്ല

2022-23 സാമ്പത്തിക വർഷം നിക്ഷേപ പ്രവൃത്തിക്കായി സെക്രട്ടറി നിർവ്വഹണം ചെയ്ത താഴെ ചേർക്കുന്ന പ്രോജക്ട് മുഖേന കെ.എസ്.ഇ.ബി. യിൽ തുക ഡിപ്പോസിററ് ചെയ്തിട്ടുണ്ട്.

എ) പ്രോജക്ട് നം. - S 0032/23(സ്പിൽ ഓവർ)

പ്രോജക്ടിന്റെപേര് - പൊതുമരാമത്ത് പ്രവൃത്തികൾക്ക് തടസ്സമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റി വെയ്ക്കൽ

വകയിരുത്തൽ

വികസനഫണ്ട് - 112537/-

പുറക്കാട് ഗ്രാമ പഞ്ചായത്ത് പരിധിയിൽ പൊതുമരാമത്ത് പ്രവൃത്തികൾക്ക് തടസ്സമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റി വെയ്ക്കലിനായി എസ്റ്റിമേറ്റ് പ്രകാരമുള്ള തുക കെ.എസ്.ഇ.ബി.യിൽ ഡിപ്പോസിറ്റ് ചെയ്യുകയാണ് അംഗീകരിച്ച സ്പിൽ ഓവർ പ്രോജക്ടിന്റെ ലക്ഷ്യം. മേൽ പ്രവൃത്തിയിൽ പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ വിവരം ചുവടെ കൊടുക്കുന്നു.

| പ്രവൃത്തി | എസ്റ്റിമേറ്റ് തുക | അടവാക്കിയ തുക | ബിൽ നം./തീയതി |
|---|---|---|---|
| വാർഡ് 9 -ഡീസൽ പമ്പ് - പുത്തൻകരി റോഡിന് തടസ്സമായി നിൽക്കുന്ന 2 ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുക | 28302 | 28302 | 7/22-23/ 04.06.22 |
| ആകെ | | 28,302/- | |

മേൽ തുക കെ.എസ്.ഇ.ബി. അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, അമ്പലപ്പുഴയ്ക്ക് നൽകി. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിററ് എൻക്വയറിക്ക്(നം.1/21.07.23) മറുപടി ലഭ്യമാക്കിയില്ല. ചെലവ് തുക 28,302/-രൂപ തടസ്സപ്പെടുത്തുന്നു. പൂർത്തീകരണ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ബി) പ്രോജക്ട് നം, - S 0033/23

പ്രോജക്ടിന്റെ പേര് - വിവിധ വാർഡുകളിൽ 2 ഫേസ് കണക്ഷൻ 3 ഫേസ് ആക്കി സ്ഥാപിക്കൽ

വകയിരുത്തൽ

ധനകാര്യകമ്മീഷൻ അവാർഡ് - 5,00,000/-

പുറക്കാട് ഗ്രാമ പഞ്ചായത്ത് പരിധിയിൽ വിവിധ വാർഡുകളിൽ 2 ഫേസ് കണക്ഷൻ 3 ഫേസ് ആക്കി സ്ഥാപിക്കൽ എന്ന പ്രവൃത്തിക്കായി എസ്റ്റിമേറ്റ് പ്രകാരമുള്ള തുക കെ.എസ്.ഇ.ബി.യിൽ ഡിപ്പോസിറ്റ് ചെയ്യുകയാണ് മേൽ പ്രോജക്ടിന്റെ ലക്ഷ്യം. 2022-23 സാമ്പത്തിക വർഷം നിക്ഷേപ പ്രവൃത്തിക്കായി സെക്രട്ടറി നിർവ്വഹണം ചെയ്ത പ്രസ്തുത പ്രോജക്ട് മുഖേന കെ.എസ്.ഇ.ബി., അമ്പലപ്പുഴ അസിസ്റ്റന്റ് എഞ്ചിനീയറുടെ 67042461998 നം. അക്കൗണ്ടിലേക്ക് പി.എഫ്.എം.എസ് മുഖാന്തിരം 30.3.23-ൽ 2,58,820/-രൂപ ഡിപ്പോസിററ് ചെയ്തിട്ടുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ രേഖയില്ല. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.23 തീയതി 31.07.23) മറുപടി ലഭ്യമാക്കിയില്ല. 2,58,820/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-30 ഫലവൃക്ഷതൈവിതരണം പദ്ധതി - ഗുണഭോക്തൃവിഹിതം ചെലവഴിച്ചതിന്റെ രേഖകൾ ലഭ്യമല്ല

പ്രോജക്ട് നം.110/23

അടങ്കൽ – 266500/- (വികസനഫണ്ട് – 200000, ഗുണഭോക്തൃ വിഹിതം – 66500)

ചെലവ് - 200000 /-(വികസനഫണ്ട് )

ബിൽ നം. -7/23/29.03.2023, 200000 /-

കൃഷി ഓഫീസർ നടപ്പാക്കിയ ഫലവൃക്ഷതൈവിതരണം പദ്ധതിക്കായി 2,00,000 /- രൂപ വികസനഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ഒരു വൃക്ഷതൈയ്ക്ക് 125 /-രൂപ പ്രകാരം 2132 തൈകൾ കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നും വാങ്ങിയിട്ടുണ്ട്. 1066 മാവ് 1066 പ്ലാവ് എന്നീ വൃക്ഷതൈകൾ വാങ്ങുന്നതിനാണ് 2,00,000 /- രൂപ ചെലവ് ചെയ്തിട്ടുള്ളത്. പ്രസ്തുത പദ്ധതിക്ക് ഗുണഭോക്തൃവിഹിതമിനത്തിൽ 66,500 /- രൂപ ഗുണഭോക്താക്കളിൽ നിന്ന് പിരിച്ചെടുത്തിട്ടുണ്ട്.രസീത് ബുക്ക് നം.11454-ലെ 1 മുതൽ 17 വരെയുള്ളള രസീതുകൾക്ക് 3,687 /- രൂപ പ്രകാരവും 18 നം. രസീത് പ്രകാരം 3,812 /- രൂപയും ഉൾപ്പെടെ ഗുണഭോക്തൃവിഹിതമിനത്തിൽ 66,491 /- രൂപയാണ് പിരിച്ചത്. എന്നാൽ ഗുണഭോക്തൃവിഹിതം ഒടുക്കിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. ചെലവ് പത്രികയിലും ഗുണഭോക്തൃവിഹിതം ചെലവഴിച്ചതായി രേഖപ്പെടുത്തിയിട്ടില്ല. ഈ അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.11/31.7.23) മറുപടി ലഭ്യമാക്കിയില്ല. ഗുണഭോക്തൃവിഹിതം ഒടുക്കിയതിന്റെ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-31 ഐ.കെ.എം. വിഹിതം -വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രോജക്ട് നം. - S0093/23

പ്രോജക്ടിന്റെ പേര് - ഐ.കെ.എം. വിഹിതം

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

വകയിരുത്തൽ

വികസനഫണ്ട് - 132407/-

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷന്റെ എസ്.ബി.ഐ, നന്ദൻകോട് പേർസണൽ ബാങ്കിംഗ് ശാഖയിലെ 57047023512 നം.അക്കൗണ്ടിലേക്ക് 1,32,407/-രൂപ നൽകി.(ബിൽ നം.23/22-23 /18.9.22 തുക 132407/-). എന്നാൽ ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.03/ 25.07.23) മറുപടി ലഭ്യമാക്കിയില്ല. ചെലവ് തുക 1,32,407/- തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-32 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയില്ല

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 282 പ്രകാരം തുക ഡെപ്പോസിറ്റ് ചെയ്ത് മൂന്ന് സാമ്പത്തിക വർഷങ്ങൾക്ക ശേഷവും തിരികെ നൽകാത്ത സാഹചര്യത്തിൽ പ്രസ്തുത ഡെപ്പോസിറ്റ് തുകകൾ കാലഹരണപ്പെട്ടതായി കണക്കാക്കേണ്ടതും ആയത് തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടേണ്ടതുമാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തിലെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന ഇനങ്ങളിൽ ടി കാലപരിധിയ്ക്ക് ശേഷമുള്ള തുകകളും ക്രമീകരിക്കപ്പെടാതെ നിലനിൽക്കുന്നതായി കാണുന്നു.

| ക്രമ നം. | ഇന വിവരം | 31.3.23-ലെ നീക്കിയിരുപ്പ് | നീക്കിയിരുപ്പ് തുകയുടെ കാലയളവ് |
|---|---|---|---|
| 1 | കോൺട്രാക്ടേഴ്സ് ഇഎംഡി | 108617 | 2015-16 മുതൽ |
| 2 | സപ്ലൈയേഴ്സ് ഇഎംഡി | 381365 | 2016-17 മുതൽ |

| | | | |
|---|---|---|---|
| 3 | കോൺട്രാക്ടേഴ്സ് എസ്.ഡി | 122780 | 2018-19 മുതൽ |
| 4 | ബിഡേഴ്സ് ഇഎംഡി | 517186 | 2016-17 മുതൽ |
| 5 | സപ്ലൈയേഴ്സ് എസ്.ഡി | 421542 | 2015-16 മുതൽ |
| 6 | ബിഡേഴ്സ് എസ്.ഡി | 217791 | 2017-18 മുതൽ |
| 7 | കോൺട്രാക്ടേഴ്സ് റിടെൻഷൻ | 226420 | 2015-16 മുതൽ |
| 8 | മറ്റു ഡെപ്പോസിറ്റ് | 41043 | 2015-16 മുതൽ |

ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. ഒരോ ഇനത്തിലുമുള്ള വിവരങ്ങൾ പ്രത്യേകം പേജുകളിലായി രേഖപ്പെടുത്താതെ ഒരുമിച്ച് എഴുതിയിരിക്കുന്നതിനാൽ നീക്കിയിരുപ്പ് തുകയുടെ കൃത്യത വ്യക്തമല്ല. നീക്കിയിരുപ്പ് തുകയുടെ വർഷം തിരിച്ചുള്ള വിവരങ്ങളും ലഭ്യമല്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 8/25.7.23) മറുപടി ലഭ്യമാക്കിയിട്ടില്ല.

നീക്കിയിരുപ്പിലുള്ള കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് മുതൽ കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-33 റോഡ് കണക്ടിവിറ്റി മാപ്പിംഗ് - പൂർത്തീകരണ വിവരമില്ല

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2022-23 വർഷം നടപ്പിലാക്കിയ റോഡ് കണക്ടിവിറ്റി മാപ്പിംഗ് (പ്രൊ.നം.53/23) എന്ന പദ്ധതി പ്രകാരം തനതുഫണ്ടിൽ നിന്നും 40000/-(30000/- 15.7.22, 10000/- 22.10.22) രൂപ ശ്രീ.ഹരികൃഷ്ണൻ, പൊക്കത്തേൽ എന്നയാൾക്ക് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള സർവ്വെയുടെ വിവരങ്ങൾ, പ്രവ്യത്തി പൂർത്തീകരിച്ചോ, ഇല്ലെയോ എന്ന വിവരം, പ്രവർത്തി പൂർത്തീകരിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണം, നിലവിലെ സ്ഥിതി വിവരം എന്നിവ ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.27/31.07.23) നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും, പ്രവ്യത്തിയുടെ നിലവിലെ സ്ഥിതി വിവരം അറിയിക്കേണ്ടതുമാണ്.

## 1-34 എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് -വിതരണം ചെയ്തിട്ടില്ല

പ്രോജക്ട് നം. - S0152/23

പ്രോജക്ടിന്റെ പേര് - എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

വകയിരുത്തൽ

വികസനഫണ്ട്(എസ്.സി.പി) - 365440

കെൽട്രോണിന്റെ 20.12.22-ലെ TVM/ITBG/PI/RC/43943/22-23 നം. പ്രൊഫോർമ ഇൻവോയ്സ് പ്രകാരം

ലാപ്ടോപ്പ് വാങ്ങിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| Item | Qty | Rate | Amount |
|---|---|---|---|
| Laptop- Medium End-Ubuntu | 10 | 36544 | 365440 |

വികസനഫണ്ട്(എസ്.സി.പി) യിൽ നിന്നും 3,65,440/-രൂപ(ബിൽ നം.9/22-23/04.01.23) കെൽട്രോണിന് നൽകി.

അപാകത ചുവടെ കൊടുക്കുന്നു.

അപേക്ഷയും അനുബന്ധ രേഖകളും താഴെ ചേർക്കുന്ന 10 ഗുണഭോക്താക്കൾ ഹാജരാക്കി.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, മേൽവിലാസം | വാർഡ് നം. |
|---|---|---|
| 1 | ഗോപിക ആർ.<br>D/o രഞ്ജിനി<br>രഞ്ജിത്ത് ഭവനം, കരുർ | 3 |
| 2 | മീര ജി.രാജ്<br>D/o വിജയരാജൻ<br>ഇലഞ്ഞിക്കൽ, കരുർ | 3 |
| 3 | ശ്രീലക്ഷ്മി<br>D/o രാധാരാജ്<br>രാജ് ഭവൻ, കരുർ | 3 |
| 4 | നന്ദന ബാബു<br>D/o ബാബു കെ.ടി.<br>തൈവേലിക്കകം, കരുർ | 4 |
| 5 | ശ്രീസന്ധ്യ<br>D/o ഗോപിനാഥൻ<br>ചിറയിൽവീട്, പുറക്കാട് | 5 |
| 6 | മന്യ മണിക്കുട്ടൻ<br>D/o സുമിമോൾ<br>കരീച്ചിറ ലക്ഷംവീട്, പുറക്കാട് | 6 |
| 7 | സാന്ദ്ര ആർ.കൃഷ്ണ<br>D/o രാധാകൃഷ്ണൻ<br>ശ്രീനിലയം, പുറക്കാട് | 6 |
| 8 | പി.ജെ.ശിവമയി<br>D/o ജോയി<br>ശിവമയി ഭവനം, തോട്ടപ്പള്ളി | 7 |
| 9 | അർജ്ജുൻ പ്രകാശ്<br>S/o പ്രകാശ്<br>പുതുവൽ, തോട്ടപ്പള്ളി | 11 |
| 10 | അശ്വതി പി.ഒ. | 11 |

| | | |
|---|---|---|
| | D/o ഓമനക്കുട്ടൻ<br>പുതുവൽ, തോട്ടപ്പള്ളി | |

മേൽ 10 ഗുണഭോക്താക്കൾക്കും ഓഡിറ്റ് തീയതിവരെ ലാപ്ടോപ് വിതരണം ചെയ്തിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.31 തീയതി 31.07.23)മറുപടി ലഭ്യമാക്കിയില്ല. ചെലവ് തുക 3,65,440/-രൂപ തടസ്സപ്പെടുത്തുന്നു. വിതരണം പൂർത്തിയാക്കി രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-35 പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ - ലാപ്ടോപ്പുകൾ ലഭ്യമായില്ല

പ്രോജക്ട് നം. - S0099/23

പ്രോജക്ടിന്റെ പേര് - പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

വകയിരുത്തൽ

വികസനഫണ്ട്(പൊതുവിഭാഗം) - 78242

കെൽട്രോണിന്റെ 13.01.23-ലെ TVM/ITBG/PI/RC/44700/22-23 നം. പ്രൊഫോർമ ഇൻവോയ്സ് പ്രകാരം ലാപ്ടോപ്പ് വാങ്ങുന്നതിനായി നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| Item | Qty | Rate | Amount |
|---|---|---|---|
| Laptop | 2 | 39121 | 78242 |

വികസനഫണ്ടിൽ നിന്നും 78,242/-രൂപ(ബിൽ നം.48/22-23/24.02.23) കെൽട്രോണിന് നൽകി. എന്നാൽ ലാപ്ടോപ്പുകൾ നാളിതുവരെ ലഭ്യമായിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.32 തീയതി 31.07.23) മറുപടി ലഭ്യമാക്കിയില്ല. ചെലവ് തുക 78,242/-രൂപ തടസ്സപ്പെടുത്തുന്നു.

1-36 സി.ഡി.എസിന്റെ അക്കൗണ്ടിലേക്ക് നൽകുന്ന തുക ചെലവഴിക്കപ്പെടുന്നില്ല

അസിസ്റ്റന്റ് സെക്രട്ടറി 2022-23 സാമ്പത്തിക വർഷം നിർവ്വഹണം ചെയ്ത് സി.ഡി.എസ്.അക്കൗണ്ടിലേക്ക് നൽകിയതിൽ ഭൂരിഭാഗം തുകയും ചെലവഴിക്കാതെ അക്കൗണ്ടിൽ നിലനിൽക്കുന്നു. വിശദവിവരം ചുവടെ കൊടുക്കുന്നു.

I) പ്രോജക്ട് നം. - S0172/23

പ്രോജക്ടിന്റെ പേര് - കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട്

വകയിരുത്തൽ

വികസനഫണ്ട്(പൊതുവിഭാഗം) -300000

3,00,000/-രൂപ സി.ഡി.എസിന്റെ എസ്.ബി.ഐ.പുറക്കാട് ബ്രാഞ്ചിലെ 57057961068 നം.അക്കൗണ്ടിൽ നൽകി(ബിൽ നം.6/22-23 തീ.29.11.22).

തുക 22-23 സാമ്പത്തിക വർഷം ചെലവഴിച്ചില്ല. 22-23 വർഷം തുക കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകാതിരുന്നതിന് കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല.

II) പ്രോജക്ട് നം. - S0144/23

പ്രോജക്ടിന്റെ പേര് - ബാലസഭ

വകയിരുത്തൽ

വികസനഫണ്ട്(പൊതുവിഭാഗം) - 50000

50,000/-രൂപ സി.ഡി.എസിന്റെ എസ്.ബി.ഐ.പുറക്കാട് ബ്രാഞ്ചിലെ 57057961068 നം.അക്കൗണ്ടിൽ നൽകി(ബിൽ നം.7/22-23 തീ.29.11.22).

തുക ചെലവഴിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | തുക | ചെക്ക് നം./ തീയതി |
|---|---|---|---|
| 1 | 2 ദിവസത്തെ ചിത്രരചനാ പരിശീലനം ട്രെയിനിംഗ് | 17325 | 255653/31.1.23 |
| 2 | ബാനർ ചാർജ് | 550 | 255654/31.1.23 |
| ആകെ ചെലവ് | | 17875 | |

22-23 സാമ്പത്തിക വർഷം ലഭിച്ച 50,000/-രൂപയിൽ 17,875/-രൂപ മാത്രമാണ് ചെലവഴിച്ചത്. ബാക്കി തുക ചെലവഴിക്കാതിരുന്നതിന് കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല.

III) പ്രോജക്ട് നം. - S0137/23

പ്രോജക്ടിന്റെ പേര് - ജനകീയ ഭക്ഷണ ശാല

വകയിരുത്തൽ

വികസനഫണ്ട്(പൊതുവിഭാഗം) - 150000

1,50,000/-രൂപ സി.ഡി.എസിന്റെ എസ.ബി.ഐ.പുറക്കാട് ബ്രാഞ്ചിലെ 57057961068 നം.അക്കൗണ്ടിൽ നൽകി(ബിൽ നം.12/22-23 തീ.07.01.23).

22-23 സാമ്പത്തിക വർഷം ലഭിച്ച 1,50,000/-രൂപയിൽ, പുലരി ജനകീയ ഹോട്ടലിന് വാടക, കറന്റ് ചാർജ് ഇനത്തിൽ 12,657/-രൂപ നൽകി.(ചെക്ക് നം.255652/30.1.23). ബാക്കി തുക ചെലവഴിക്കാതിരുന്നതിന് കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല.

മേൽ പ്രകാരമുള്ള മൂന്ന് പദ്ധതികൾക്കുമുള്ള പാസ് ബുക്ക് പ്രകാരം 31.3.23-ൽ നീക്കിയിരുപ്പ് 30,71,578.70/-രൂപയാണ്. ഇത്രയും തുക ചെലവഴിക്കാതെ നിലനിൽക്കുന്നതിന് കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല.

IV) പ്രോജക്ട് നം. - S0218/23

പ്രോജക്ടിന്റെ പേര് - അഗതി ആശ്രയ പദ്ധതി

വകയിരുത്തൽ

വികസനഫണ്ട്(പൊതുവിഭാഗം) - 300000

3,00,000/-രൂപ സി.ഡി.എസിന്റെ കാനറ ബാങ്ക്, അമ്പലപ്പുഴ ബ്രാഞ്ചിലെ 41082200058595 നം.അക്കൗണ്ടിൽ നൽകി(ബിൽ നം.10/22-23 തീ.07.01.23).

22-23 സാമ്പത്തിക വർഷം ലഭിച്ച 3,00,000/-രൂപയിൽ, 257800/-രൂപയാണ് അഗതികൾക്ക്

ഭക്ഷണസാധനങ്ങൾ നൽകിയ വകയിൽ ചെലവഴിച്ചത്.(ചെക്ക് നം.250794990/28.02.23). ബാക്കി തുക ചെലവഴിക്കാതിരുന്നതിന് കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല.

2) പാസ് ബുക്ക് പ്രകാരം 31.3.23-ൽ നീക്കിയിരുപ്പ് 14,36,452.64/-രൂപയാണ്. ഇത്രയും തുക ചെലവഴിക്കാതെ നിലനിൽക്കുന്നതിന് കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല.

V) പ്രോജക്റ്റ് നം. - S0219/23

പ്രോജക്റ്റിന്റെ പേര് - അതിദരിദ്രർക്ക് ഭക്ഷണം നൽകൽ

വകയിരുത്തൽ

വികസനഫണ്ട്(പൊതുവിഭാഗം) - 300000

3,00,000/-രൂപ സി.ഡി.എസിന്റെ കാനറ ബാങ്ക്, അമ്പലപ്പുഴ ബ്രാഞ്ചിലെ 41082200058595 നം.അക്കൗണ്ടിൽ നൽകി(ബിൽ നം.11/22-23 തീ.07.01.23).

22-23 സാമ്പത്തിക വർഷം ലഭിച്ച 3,00,000/-രൂപയിൽ, 28000/-രൂപ മാത്രമാണ് അതിദരിദ്രർക്ക് ഭക്ഷണസാധനങ്ങൾ നൽകിയ വകയിൽ ചെലവഴിച്ചത്.(ചെക്ക് നം.250794990/28.02.23). ബാക്കി തുക ചെലവഴിക്കാതിരുന്നതിന് കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല.

2) ക്രമ നം.IV, V ആയി ചേർത്തിട്ടുള്ള പദ്ധതികളുടെ പാസ് ബുക്ക് പ്രകാരം 31.3.23-ൽ നീക്കിയിരുപ്പ് 14,36,452.64/-രൂപയാണ്. ഇത്രയും തുക ചെലവഴിക്കാതെ നിലനിൽക്കുന്നതിന് കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.28 തീയതി.31.07.23) മറുപടി ലഭ്യമാക്കിയില്ല. തുക അർഹരായ ഗുണഭോക്താക്കൾക്ക് വേണ്ടി ചെലവഴിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| തുക ലഭിച്ച വർഷം | ലഭിച്ച തുക : മുന്നിരിപ്പ് ഉൾപ്പെടെ | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് | റിമാർക്സ് |
|---|---|---|---|---|---|
| 2022-23 | 1,85,000 | അങ്കണവാടി അനുപൂരക പോഷകാഹാര പദ്ധതി | 1,85,000 | 0 | ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിലും |

| | | | | | |
|---|---|---|---|---|---|
| | | | | | (691429/-) ജില്ലാപഞ്ചായത്ത് വിഹിതത്തിലും (326941) മുന്നിരിപ്പ് തന്നെയാണ് നീക്കിയിരിപ്പ് നിക്കിയരുപ്പ് തുക മുൻ വർഷങ്ങളിലുൾപ്പെടെ തുടർന്ന് വരുന്ന |
| “ | 1,59,600 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 1,59,600 | 0 | |
| “ | 73,000 | എസ്.സി. കുട്ടികൾക്ക് പഠനമുറി നിർമ്മാണം | 73,000 | 0 | |
| “ | 3,60,000 | ലൈഫ്ഭവന നിർമ്മാണം ജനറൽ | 3,60,000 | 0 | |
| “ | 50,000 | മിൽക്ക് സബ്സിഡി | 50,000 | 0 | |
| “ | 3,60,000 | ലൈഫ്ഭവന നിർമ്മാണം പട്ടികജാതി | 3,60,000 | | |
| “ | 4,80,000 | ലൈഫ്ഭവന നിർമ്മാണം 2020ജനറൽ | 4,80,000 | 0 | |
| “ | 16,67,600 | | 16,67,600 | | |
| 2022-23 | 300000 | ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ | 3,00,000 | 0 | |
| “ | 300000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 3,00,000 | 0 | |
| “ | 706606 | എം സി എഫ് നിർമ്മാണം വാർഡ് 11 | 7,06,606 | 0 | |
| “ | 2,72,000 | ലൈഫ്ഭവന നിർമ്മാണം ജനറൽ | 2,72,000 | 0 | |
| “ | 4,00,000 | ലൈഫ് ഭവനപദ്ധതി ഭൂരഹിതർക്ക് ഭവനരഹിതർക്ക് സ്ഥലം വാങ്ങൽ | 4,00,000 | 0 | |
| “ | 5,20,000 | ലൈഫ്ഭവനനിർമ്മാണം | 5,20,000 | 0 | |
| “ | 1,00,000 | മിൽക്ക് സബ്സിഡി | 1,00,000 | 0 | |
| “ | 25,98,606 | | 25,98,606 | | |

## 4-2 ഡെപ്പോസിറ്റ് പ്രവർത്തികൾക്കായി നിക്ഷേപിച്ച തുകകളുടെ വിശദാംശം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | വിവിധ വാർഡുകളിൽ 2 ഫേസ് കണക്ഷൻ 3 ഫേസ് കണക്ഷൻ ആക്കി സ്ഥാപിക്കൽ | 30.3.23 | 5,00,000 | 2,58,820 | 2,41,180 |
| കെ.എസ്.ഇ.ബി. | പൊതുമരാമത്ത് പ്രവർത്തികൾക്ക് തടസ്സമായിനിൽക്കുന്ന ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി വെയ്ക്കൽ | 4.6.22 | 1,12,537 | 67,589 | 44,948 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| Life Mission | ലഭിച്ചിട്ടില്ല. | 1,35,80,000 | 3,75,39,999 | 87,19,673 | | 4,24,00,326 |

ലോൺ തിരിച്ചടവ് തുക ബാലൻസ് ഷീറ്റുമായി പൊരുത്തപ്പെടുന്നില്ല. ബാലൻസ് ഷീറ്റ് പ്രകാരം 4,59,20,326 /- രൂപയാണ് തിരിച്ചടവ്. എന്നാൽ യഥാർത്ഥത്തിൽ 4,24,00,326 /- രൂപയാണ് രേഖപ്പെടുത്തേണ്ടത്.

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/ തീയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1997-98 | 2-27 | 125 | രാജു | 1220500251 |
| 1997-98 | 2-28 | 60 | ഡോ.ചന്ദ്രമോഹൻ | 1220500252 |
| 1997-98 | 2-30 | 25 | ദേവകുമാർ | 1220500253 |
| 1997-98 | 2-30 | 50 | എം.വി.സുദർശനൻ | 1220500254 |
| 1997-98 | 2-30 | 25 | എം ഉസ്മാൻകുഞ്ഞ് | 1220500255 |
| 1997-98 | 2-30 | 25 | മുഹമ്മദ് ഷെരീഫ് | 1220500256 |
| 1997-98 | 2-30 | 25 | കബീർ | 1220500257 |
| 1997-98 | 2-67 | 360 | അഗ്രിക്കൾച്ചർ ഓഫീസർ | 1220500258 |
| 1997-98 | 2-73 | 258 | ഐസിഡിഎസ് സൂപ്പർവൈസർ | 1220500259 |
| 1997-98 | 2-36 | 1500 | ബാബു | 1220500261 |
| 2000-2001 | 3-3(4) | 250 | എസ്.സുരേഷ്കുമാർ | 1220500261 |
| 2001-2002 | 2-2(4) | 236 | സെക്രട്ടറി, പുറക്കാട് | 1220500262 |
| 2012-13 2013-14 | 3-1 | 7 | സെക്രട്ടറി, പുറക്കാട് | 1220500263 |
| 2015-16 | 2-5-2 | 1250 | ബ്രാഞ്ച് മുൻഷി | 1220500344 |
| | ആകെ | 4196 | | |

വാർഷികകണക്ക് പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ 6,696 /- രൂപയുടെ വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. മേൽ കണക്കുമായി 2,500 /- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2007-08 | 3-1-2 | 2007-08 | പദ്ധതി സംബന്ധിച്ച രേഖകൾ | മറുപടി നൽകി |
| 2002-03 | 3.12.2 | 2002-03 | പദ്ധതി സംബന്ധിച്ച രേഖകൾ | മറുപടി നൽകി |
| 2012-13 | 3.4.7 | 2012-13 | MGNREGS | മറുപടി നൽകി |

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 9,16,71,135 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | | 6,55,17,407 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 17,31,189 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 1,16,998/- | ശ്രീ.റെജി അലക്സ്, സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |
| 1-21 | 20,100/- | ശ്രീമതി സിന്ധു എസ്., ഹെഡ്മാസ്റ്റർ |
| 1-25 | 7,30,880/- | ശ്രീ. റെജി അലക്സ്, സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |
| 1-29 | 2,87,122/- | ശ്രീമതി അനീഷബീഗം എ., സെക്രട്ടറി |
| 1-31 | 1,32,407/- | ശ്രീമതി അനീഷബീഗം എ., സെക്രട്ടറി |
| 1-34 | 3,65,440/- | ശ്രീ.അബ്ദുൾ ലത്തീഫ് കെ., അസിസ്റ്റന്റ് സെക്രട്ടറി |
| 1-35 | 78,242/- | ശ്രീമതി അനീഷബീഗം എ., സെക്രട്ടറി |
| ആകെ | 17,31,189 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| | | |
|---|---|---|
| 1-22 | 1,04,930 | സെക്രട്ടറി, അക്രഡിറ്റഡ് എഞ്ചിനീയർ, എൻ.ആർ.ഇ.ജി.എസ്. |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ)ഔദ്യോഗിക മേൽവിലാസം | മേൽവിലാസം |
|---|---|---|
| ശ്രീമതി സ്മിത ഒ.,<br>വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | വി.ഇ.ഒ., പുറക്കാട് ഗ്രാമപഞ്ചായത്ത് | വെളിയിൽ, ആര്യാട് നോർത്ത്,<br>മണ്ണഞ്ചേരി പി.ഒ.,<br>ആലപ്പുഴ |
| ശ്രീമതി അനീഷബീഗം എ.,<br>സെക്രട്ടറി | വിരമിച്ചു. | നെടുംപറമ്പിൽ ഹൌസ്,<br>പനച്ചിക്കാവ്,<br>ചങ്ങനാശ്ശേരി |
| ശ്രീ.റെജി അലക്സ്, സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ഫിഷറീസ് ഓഫീസ്, പൂന്തല | നെടുംപറമ്പിൽ ഹൌസ്,<br>പനച്ചിക്കാവ്, ചങ്ങനാശ്ശേരി |
| ശ്രീ.അബ്ദുൾ ലത്തീഫ് കെ.,<br>അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി,<br>പുറക്കാട് ഗ്രാമപഞ്ചായത്ത് | കാട്ടിൽ വടക്കേതിൽ,<br>പതിയാങ്കര,<br>തൃക്കുന്നപ്പുഴ പി.ഒ. |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1997-98 | കെ.എസ്.എ-എ.എൽ.പി./പി12-1290/22/13.2.2023 |
| 1998-99 | എൽ.എഫ്.ജി.എ-5-1832/11/21.01.2012 |
| 1999-00 | എൽ.എഫ്.ജി.എ-5-1832/11/21.01.2012 |
| 2000-01 | എൽ.എഫ്.ജി.എ-5-1832/11/23.01.2012 |
| 2002-03 | എൽ.എഫ്.ജി.എ-5-1832/11/23.01.2012 |
| 2003-04 | എൽ.എഫ്.ജി.എ-5-1832/11/23.01.2012 |
| 2004-05 | കെ.എസ്.എ-എ.എൽ.പി./പി12-1290/22/13.2.2023 |

| | |
|---|---|
| 2005-06 | കെ.എസ്.എ-എ.എൽ.പി./പി12-1290/22/13.2.2023 |
| 2006-07 | എൽ.എഫ്.ജി.എ-5-1577/13/15.05.2014 |
| 2007-08 | എൽ.എഫ്.ജി.എ-5-1577/13/15.05.2014 |
| 2008-09 | എൽ.എഫ്.ജി.എ-5-1577/13/15.05.2014 |
| 2009-10 | എൽ.എഫ്.ജി.എ-5-1577/13/15.05.2014 |
| 2010-11 | എൽ.എഫ്.എ പി8- 1091/12/20.11.2012/16.01.2013 |
| 2011-12 | എൽ.എഫ്.എ പി8- 373/14/26.05.2014 |
| 2012-13,<br>2013-14 | കെ.എസ്.എ-എ.എൽ.പി./പി12-1290/22/13.2.2023 |
| 2014-15 | കെ.എസ്.എ-എ.എൽ.പി./പി12-1290/22/13.2.2023 |
| 2015-16 | കെ.എസ്.എ-എ.എൽ.പി./പി12-1290/22/13.2.2023 |
| 2016-17 | കെ.എസ്.എ-എ.എൽ.പി./പി12-1290/22/13.2.2023 |
| 2017-18 | കെ.എസ്.എ.എ.എൽ.പി.പി12/118/19 തീയതി : 08.02.2019 |
| 2018-19 | കെ.എസ്.എ-എ.എൽ.പി-പി.12/1031/2019 തീയതി : 03.12.2019 |
| 2019-20 | കെ.എസ്.എ-എ.എൽ.പി-പി.12/1061/2021/03.01.2022 |
| 2020-21 | കെ.എസ്.എ-എ.എൽ.പി-പി.12/1062/2021/24.02.2022 |
| 2021-22 | കെ.എസ്.എ-എ.എൽ.പി-പി.12/1005/22/29.09.2022 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 3 dated 01-07-2023 and submitted on 12-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Purakkad Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Purakkad Grama Panchayat for the year 2022-2023

Date: 03/10/2023

Deputy Director
District Office Alappuzha
Kerala State Audit Department

## Audit Report appended to the Audit Certificate of Purakkad Grama Panchayat for the Year 2022-2023.

**1.Major Observations**

The loan repayment amount does not reflect in the balance sheet. As per the balance sheet repayment is Rs.45920326/-. But actually Rs.42400325/- should be recorded

**2.Other Observations**

1.Development Fund General Total Expenditure 36268000 ( GO Project 6488917 + Allotment Receipt 29779083) does not match the expenditure in Schedule I6 of financial statement (33208353 + 2338155 c.c) showing a difference of Rs.721492

2.Development Fund SCP Fund Total Expenditure 3518043 /- (GO Project 199956+ 3318087 Allotment Receipts ) Not matching Expenditure in Schedule I6 of financial statement3242865 ( 3110534 + 132331 c.c)

3.Maintenance Fund Non Road Total Income Rs.7852000/- Total expenditure as per ACR is Rs.7827431/-. 7824929 (5707976 + 2116953 cc) does not match the expenditure in Schedule I6 of the financial statement

4.Deposit 1011954/- as per SBI (ePayment) AFS Rs 1010990/- as per bank statement. The Reconciliation Statement is appended as below.

directly deboted by bank 19659 /-

cheque deposited but not cleared 25119
No steps have been taken to adjust the above amounts.

There is a difference of Rs.6424/- between the Reconciliation amount in SBI (ePayment) account and the balance in the financial statement

5.8939463/- Deposit as per Federal Bank CFC Grant AFS is Rs.9110265.71/- as per Bank Statement. In the Reconciliation Statement it is stated as follows.
Check issued but not presented 26437 /
Directly credited by bank 472363
If the following checks recorded as Check issued but not presented have been converted to stale check title, details should be provided.
A difference of Rs.26438/- exists between this account reconciliation amount and the balance in the financial statement
6.Canara Bank (Account No. 110046474643) Deposit as per Annual Account 9360/-
Check issued but not presented 55874 /
65234/- Deposit as per Bank Pass Book
If the following checks recorded as Check issued but not presented have been converted to stale check title, details should be provided.

7.According to rule 57 of the Kerala Panchayat Raj (Accounts) Rules, 2011, it is stated that the balances in the bank books should be reconciled with the bank statements received at the end of each month. Amounts are not fixed even at the end of the financial year.

8.416714 rupees remain in the balance sheet under Beneficiary contribution item, the amount is to be spent.

9.Demand entries are not recorded in time. Demand entry is made in the ledger of property tax, employment tax, license etc.

Dues Demand Register Journal Voucher has been checked and no provision has been recorded against the due amount.

10.Block Panchayat share (691429/-) and Zilla Panchayat share (326941) for joint projects is the same as the balance and the amount of reserve is followed by including previous years.

11.1583850 /- remains in Central Share Item. The amount must be spent.

12.The statement from the property tax collector was not made available for audit

13.Necessary register validating the amounts in the financial statement is not maintained.Eg. Loan register

14.In checking the arrears demand register journal voucher, no provision has been recorded according to the arrears amount. The demand entry is made in the ledger of tax, license etc.

15.A monthly reconciliation between the ledger balances and the registers associated with that title should be reported.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ പുറക്കാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്